(INDIAN THOZHILALY ONLINE MAGAZINE)
www.indianthozhilaly.com

# ഇന്ത്യൻ തൊഴിലാളി

അധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം

ലക്കം 2
15 മാർച്ച് 2026
മാസിക, തിരുവനന്തപുരം



## കേരളത്തിന് രാഹുലിന്റെ ഗ്യാരന്റികൾ

എൽ.ഡി.എഫ് പോകും എല്ലാം ശരിയാകും

പിണറായിസം പതനത്തിലേക്ക്

ജനക്കൂട്ടം ഉമ്മൻ ചാണ്ടിയുടെ പുസ്തകം

ആരോഗ്യ മന്ത്രിയുടെ അസംബന്ധ നാടകം

ഷൈലജയെ കാത്തിരിക്കുന്നത് ഗൗരിയമ്മയുടെ ദുർവിധി

## ഇലക്ഷന് മുൻപേ തോറ്റ് ഇടതുപക്ഷം



ഇന്ത്യൻ തൊഴിലാളി ഓൺലൈൻ മാസികയുടെ പ്രകാശന കർമ്മം കെ.പി.സി.സി ആസ്ഥാനത്തു മുൻ കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല എം.എൽ.എ നിർവഹിക്കുന്നു. ശരത്ചന്ദ്രപ്രസാദ് എക്സ് എം.എൽ.എ, മാനേജിങ് എഡിറ്റർ, ആർ.എം പരമേശ്വരൻ ചീഫ് എഡിറ്റർ ചീങ്ങന്നൂർ മനോജ്, എക്സിക്യൂട്ടീവ് എഡിറ്റർ കടവിള ഷാജി, കോർഡിനേറ്റർ പി സുധാകരൻ, ജനറൽ മാനേജർ ജി.അനിൽ കുമാർ, ബോർഡ് അംഗങ്ങളായ എ.എം ഷാജഹാൻ, വർഗ്ഗീസ് ജോസഫ്, സന്തോഷ് കുമാർ തുടങ്ങിയവർ സമീപം



(INDIAN THOZHILALY ONLINE MAGAZINE)
ഇന്ത്യൻ തൊഴിലാളി
അദ്ധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം
www.indianthozhilaly.com

# ഉൾപേജുകളിൽ

യു.ഡി.എഫ്
**അല്ലാതെ മറ്റാര് ?**
പി സുധാകരൻ ........ 07

പിണറായിസം
**പതനത്തിലേക്ക്**
പി.വി.അൻവർ EX. MLA ........ 11

മുഖ്യമന്ത്രി മാപ്പ്
പറയേണ്ടത് മമ്മൂട്ടിയോടല്ല,
**സിദ്ധിഖിനോട്**
കെ. കെ. വിശ്വനാഥൻ ........ 14

ശൈലജയെ കാത്തിരിക്കുന്നത്
**ഗൗരിയമ്മയുടെ ദുർവിധി**
മീര നായർ ........ 16

എൽ.ഡി.എഫ് പോകും
**എല്ലാം ശരിയാകും**
വർഗ്ഗീസ് ജോസഫ് ........ 20

തിരക്കഥ - ഷംസീർ
ക്യാമറ - ഗോവിന്ദൻ
**സംവിധാനം - പിണറായി**
കെ.പി ഹരിദാസ് ........ 22

മമതയോടുള്ള
**മമത**
വി.പി ജോർജ് ........ 26

ബന്ധുക്കളെ കുടിയിരുത്തിയത്
**14-ലേറെ തസ്തികകളിൽ**
രമേശൻ കാസർഗോഡ് ........ 28

കേന്ദ്രത്തിന്റെ കള്ളക്കളി
**വെളിച്ചത്തായി**
ഡോ:പി.പി.വിജയകുമാർ ........ 30

ഉത്തിഷ്ഠത! ജാഗ്രത പിന്നെ
**ചവിട്ടിപ്പുറത്താക്കുക!**
എ. കെ. സാദിഖ് ........ 32

പാർലമെന്റിലെ യുവതുർക്കി
**ഓർമ്മയായി**
കെ.ദാമോദരൻ കോഴിക്കോട് ........ 35

രണ്ടാം കേരള നിയമസഭ
**രണ്ട് മുഖ്യമന്ത്രിമാർ: പട്ടവും ശങ്കറും**
ഋഷി ഋത്വിക് രാജു ........ 36

എൽ.ഡി.എഫ് പോകും
**അക്ഷരോത്സവം** ........ 38



05
**ഇലക്ഷന് മുൻപേ**
**തോറ്റ് ഇടതുപക്ഷം**
ആർ. എം പരമേശ്വരൻ



09
ജനക്കൂട്ടം
**ഉമ്മൻ ചാണ്ടിയുടെ**
**പുസ്തകം**
കടവിള ഷാജി



18
**പിണറായിയെ**
**കുളിപ്പിച്ച് കുളിപ്പിച്ച്**
**മോഹൻലാൽ**
കെ. സന്തോഷ്കുമാർ

ലക്കം 2
15 മാർച്ച് 2026
മാസിക, തിരുവനന്തപുരം

ഇന്ത്യൻ തൊഴിലാളി
അദ്ധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം

മാനേജിംഗ് എഡിറ്റർ
**ആർ. എം. പരമേശ്വരൻ**

ചീഫ് എഡിറ്റർ
**ചിങ്ങന്നൂർ മനോജ്**

അസ്സോസിയേറ്റ് ചീഫ് എഡിറ്റർ
**കെ. പി. ഹരിദാസ്**

എക്സിക്യൂട്ടിവ് എഡിറ്റർ
**കടവിള ഷാജി**

കോർഡിനേറ്റർ
**പി. സുധാകരൻ**

ജനറൽ മാനേജർ
**ജി. അനിൽ കുമാർ**

എഡിറ്റോറിയൽ ബോർഡ്
**എ. എം ഷാജഹാൻ**
**സിയാദ് മലങ്ങാടൻ**
**വി.പി. ജോർജ്**
**പി.ടി. ജോൺ**
**വർഗ്ഗീസ് ജോസഫ്**
**ഷീലാ വേണുഗോപാൽ**
**പി.എം റെജിമോൻ**

അഡ്വൈസറി ബോർഡ് ചെയർമാൻ
**കല്ലംപള്ളി കൃഷ്ണൻ നായർ**

അഡ്വൈസറി ബോർഡ്
**കൊച്ചുത്രേസ്യാ ജോയി**
**മീര നായർ**
**വി.ടി. നന്ദകുമാർ**
**കായംകുളം യൂനുസ്സ്**

കവർ ഡിസൈൻ & പേജ് ലേ-ഔട്ട്
**രാഹുൽ. കെ. ആർ**

ടൈപ്പ് സെറ്റിംഗ്
**മായ. ഡി**

ഇ-മെയിൽ: indianthozhilaly@gmail.com

Follow us on
indianthozhilaly indianthozhilaly

എഡിറ്റോറിയൽ



ചീഫ് എഡിറ്റർ എഴുതുന്നു

# എന്തുകൊണ്ട് രമേശ് ചെന്നിത്തല?



കഴിഞ്ഞ പത്ത് വർഷക്കാലത്തെ ഇടതുഭരണം അവസാനിപ്പിക്കാനുള്ള തെരഞ്ഞെടുപ്പ് പ്രചാരണസമിതി ഉണ്ടാക്കാൻ കേന്ദ്ര നേതൃത്വം ആലോചിച്ചപ്പോൾ ഒരു സംശയവുമില്ലാതെ രമേശ് ചെന്നിത്തല എന്ന ഒറ്റ പേരിലേക്ക് മല്ലികാർജ്ജുൻ ഖാർഗെ എ.ഐ.സി. സി. നേതൃത്വത്തെ കൊണ്ടെത്തിച്ചു. രമേശ് ചെന്നിത്തല എന്ന നേതാവിന്റെ ദീർഘമായ രാഷ്ട്രീയപഠനവും സമീപനങ്ങളുമാണ് ഇതിനു കാരണം. കെ.എസ്.യു പ്രസിഡന്റ്, എൻ.എസ്.യു. ദേശീയ പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് സംസ്ഥാന/ദേശീയ പ്രസിഡന്റ്, എ.ഐ.സി.സി സെക്രട്ടറി, വർക്കിംഗ് കമ്മിറ്റി അംഗം നിരവധി സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ് പാർട്ടിയെ അധികാരത്തിലെത്തിക്കാനുള്ള ചുമതലകൾ നിർവ്വഹിച്ച നേതാവ്, ബഹുമുഖഭാഷാ പ്രതിഭ, വളരെ ചെറുപ്പം മുതൽ അധികാര രാഷ്ട്രീയത്തി ലെത്തിയെങ്കിലും ഒരിക്കൽപോലും പാർട്ടി നിലപാടിനെതിരെ നിൽക്കാത്ത വിശ്വാസ്യത, സർവ്വോപരി ഇന്ത്യയിലുടനീളമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെ തലമുതിർന്ന നേതാക്കളെയെല്ലാം പേരെടുത്ത്‌വിളിക്കാവുന്ന ബന്ധം, ഒരിക്കലും മറ്റൊരാളെ നിന്ദിക്കാത്ത തരത്തിലുള്ള ശുദ്ധമായ ഭാഷാ ശൈലി, ഉറച്ച ഈശ്വരവിശ്വാസം, പാർശ്വവൽക്കരിക്കപ്പെട്ടവരോടും നിസ്സഹായരോടുമുള്ള ദീനാനുകമ്പ, സ്ത്രീ സമൂഹത്തോടുള്ള ഉയർന്ന സഹവർത്തിത്വ ചിന്താഗതി എന്നിങ്ങനെ അദ്ദേഹത്തിന്റെ സ്വഭാവസവിശേഷതകൾ നീണ്ടുപോകുന്നു...

കേരളത്തിലെ കോൺഗ്രസ് രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം പ്രധാന പോഷക സംഘടനകൾക്ക് മാത്രം പ്രാധാന്യമുണ്ടായിരുന്ന കെ.പി.സി.സി. യിൽ പ്രവാസികളെയും ഭിന്നശേഷിക്കാരെയും കലാകായിക അദ്ധ്യാപകരെയും, അഭിഭാഷകരെയും, ചിന്തകരെയും, എഴുത്തുകാരെയുമൊക്കെ കൂട്ടിചേർത്തത് അദ്ദേഹമാണ്. സമസ്ത രംഗങ്ങളിലെയും കോൺഗ്രസ്സ് ചിന്താഗതിക്കാർക്ക് ഒത്തു ചേരാനും ആശയവിനിമയം നടത്താനും ക്യാമ്പുകൾ സംഘടിപ്പിക്കാനും കെ.പി.സി.സി യുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് നാല്പതിലധികം ഉപഘടകങ്ങളെ ശക്തമായ പ്രവർത്തനങ്ങളിലേക്ക് കൊണ്ടുവന്നതും ചെന്നിത്തലയാണ്. ഉമ്മൻചാണ്ടി യുടെ നേതൃത്തിലുള്ള യു.ഡി.എഫ് സർക്കാർ പ്രതിസന്ധികളിലൂടെ പോയ പ്പോഴെല്ലാം നിസ്തുലമായ പിന്തുണ കെ.പി.സി.സി. യുടെ ഭാഗത്തു നിന്ന് നൽകിയിരുന്നു. ഇത്തരത്തിൽ എ.ഐ.സി.സി.ക്ക് ഇടംവലം നോക്കാതെ തെരഞ്ഞെടുപ്പ് പ്രചാരണ സമിതിയുടെ ചെയർമാനായി രമേശ് ചെന്നിത്തലയെ തെരഞ്ഞെടുക്കാൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല. പലപ്പോഴായി പാർട്ടിക്കകത്ത് പ്രശ്നാധിഷ്ഠിതമായി വിഘടിച്ചു നിന്ന് പ്രവർത്തിച്ചവർക്കും ഒരു ഘട്ടത്തിൽ പാർട്ടി തന്നെ വിട്ടുപോയി തിരിച്ചു വന്നവർക്ക് പോലും രമേശ് ചെന്നിത്തലയുടെ നേതൃത്വം അംഗീകരിക്കാൻ ബുദ്ധിമുട്ടില്ല എന്നതു തന്നെയാണ് കേരളത്തിലെ യു.ഡി.എഫ് രാഷ്ട്രീയത്തിൽ രമേശ് ചെന്നിത്തലയുടെ പ്രസക്തി.

ചിങ്ങന്നൂർ മനോജ്



സ്ഥാനാർത്ഥി ലിസ്റ്റ്:
സി.പി.എമ്മിൽ വൻ പൊട്ടിത്തെറി



ആർ. എം പരമേശ്വരൻ

# ഇലക്ഷന് മുൻപേ തോറ്റ് ഇടതുപക്ഷം

## ജി. സുധാകരനും കുഞ്ഞിക്ക്യഷ്ണൻ മാസ്റ്റർക്കും ടി.കെ. ഗോവിന്ദനും എ. സുരേഷിനും യു.ഡി.എഫ് പിന്തുണ

സി.പി.എമ്മിന്റെ ഉരുക്കു കോട്ടയായ കണ്ണൂരിൽ വൻ പൊട്ടിത്തെറി. മൂന്ന് തവണ എം.എൽ.എ ആയ ശേഷം നാലാമതായി ഭാര്യയെ എം.എൽ.എ ആക്കാനുള്ള സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന്റെ തീരുമാനമാണ് വൻ കലാപത്തിലും കൊഴിഞ്ഞുപോക്കിലും കലാശിച്ചത്. ഗോവിന്ദന്റെ ഭാര്യ പി.കെ. ശ്യാമളയെ സ്ഥാനാർത്ഥിയാക്കാൻ തീരുമാനിച്ച ജില്ലാ കമ്മിറ്റി യോഗത്തിൽ രൂക്ഷമായ പ്രതിഷേധം ഉയർന്നിരുന്നു. മണ്ഡലം കമ്മിറ്റിയിലും ഇതായിരുന്നു അവസ്ഥ. പ്രതിഷേധം കണക്കിലെടുത്ത് ശ്യാമള പിന്മാറുമെന്നായിരുന്നു എല്ലാവരും കരുതിയിരുന്നത്. എന്നാൽ ഒന്നും അംഗീകരിച്ചില്ല. സ്ഥാനാർത്ഥി ലിസ്റ്റ് പുറത്തുവന്നപ്പോൾ ശ്യാമളയായിരുന്നു സ്ഥാനാർത്ഥി.

ഉടൻതന്നെ പാർട്ടിയിലെ മുതിർന്ന നേതാവും ജില്ലാ സെക്രട്ടറിയേറ്റ് അംഗവുമായ ടി.കെ. ഗോവിന്ദൻ പാർട്ടിയിൽ നിന്നും രാജിവെച്ചു. സ്വതന്ത്രനായി മത്സരിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. യു.ഡി.എഫിന്റെ പിന്തുണ അദ്ദേഹത്തിന് ലഭിക്കുമെന്നാണ് കരുതുന്നത്.

സി.പി.എമ്മിൽ നിന്നും പുറത്തായ ടി. കുഞ്ഞികൃഷ്ണന് പയ്യന്നൂർ മണ്ഡലത്തിലും ജി. സുധാകരന് അമ്പലപ്പുഴ മണ്ഡലത്തിലും പി. സുരേഷിന് മലമ്പുഴ മണ്ഡലത്തിലും പിന്തുണ നൽകാൻ യു.ഡി.എഫ് നേരത്തെ തന്നെ തീരുമാനമെടുത്തിരുന്നു.

കണ്ണൂരിലെ സി.പി.എമ്മിന് വൻ പ്രതിസന്ധി സൃഷ്ടിച്ചാണ് ഏറ്റവും മുതിർന്ന നേതാക്കളിലൊരാളായ ടി.കെ. ഗോവിന്ദൻ നേതൃത്വത്തിനെതിരെ കടുത്ത ആരോപണങ്ങളുന്നയിച്ച് പുറത്തേക്ക് പോകുന്നത്. മുതിർന്ന നേതാക്കളായ കെ.കെ. ഷൈലജ, പി. ജയരാജൻ തുടങ്ങിയവരോട് പാർട്ടി നീതി കാട്ടുന്നില്ലെന്ന് അദ്ദേഹം ആരോപിച്ചു.

സി.പി.എമ്മിൽ അറിയപ്പെടുന്ന യുവനേതാക്കൾക്കൊന്നും സീറ്റില്ല. പാർട്ടി സെക്രട്ടേറിയേറ്റ് അംഗം എം. സുരാജ്, സ്പീക്കർ എ.എൻ. ഷംസീർ, ഡി.വൈ.എഫ്.ഐ സംസ്ഥാന പ്രസിഡന്റ് വി. വസീഫ്, എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി മുൻ പ്രസിഡന്റ് വി.പി. സാനു, മുൻ സംസ്ഥാന സെക്രട്ടറി പി.എം. ആർഷോ, വനിതാ യുവജന നേതാവ് ചിന്താ ജെറോം, ചാനൽ ചർച്ചകളിലെ പാർട്ടി മുഖങ്ങളായ ജെയ്ക് സി. തോമസ്, കെ.എസ്. അരുൺ കുമാർ, മുൻ മേയർ ആര്യാ രാജേന്ദ്രൻ, എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി എം. ശിവപ്രസാദ് എന്നീ പേരുകളെല്ലാം വെട്ടിനിരത്തി.

തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ച് നിമിഷങ്ങൾക്കകം സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കാൻ സി.പി.എമ്മിന് കഴിഞ്ഞുവെങ്കിലും യുവനിരയിൽ ആളികത്തുന്ന അമർഷത്തിൽ പാർട്ടി നേതാക്കൾ ആശങ്കാകുലരാണ്. യുവനേതാക്കളെ മുഴുവൻ വെട്ടിനിരത്തിക്കൊണ്ടുള്ള സ്ഥാനാർത്ഥി ലിസ്റ്റാണ് പ്രഖ്യാപിച്ചത്. മുഖ്യമന്ത്രിയുടെയും പാർട്ടി സെക്രട്ടറിയുടെയും താത്പര്യങ്ങൾക്കപ്പുറം മറ്റാരെയും പരിഗണിച്ചില്ല അതാണല്ലോ കേഡർ പാർട്ടികളുടെ നേട്ടം.

സി.പി.എമ്മിൽ അറിയപ്പെടുന്ന യുവനേതാക്കൾക്കൊന്നും സീറ്റില്ല. പാർട്ടി സെക്രട്ടേറിയേറ്റ് അംഗം എം. സുരാജ്, സ്പീക്കർ എ.എൻ. ഷംസീർ, ഡി.വൈ.എഫ്.ഐ സംസ്ഥാന പ്രസിഡന്റ് വി. വസീഫ്, എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി മുൻ പ്രസിഡന്റ് വി.പി. സാനു, മുൻ സംസ്ഥാന സെക്രട്ടറി പി.എം. ആർഷോ, വനിതാ യുവജന നേതാവ് ചിന്താ ജെറോം, ചാനൽ ചർച്ചകളിലെ പാർട്ടി മുഖങ്ങളായ ജെയ്ക് സി. തോമസ്, കെ.എസ്. അരുൺ കുമാർ, മുൻ മേയർ ആര്യാ രാജേന്ദ്രൻ, എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറി എം. ശിവപ്രസാദ് എന്നീ പേരുകളെല്ലാം വെട്ടിനിരത്തി.



പാർട്ടി വേദികളിൽ നിറഞ്ഞു നിന്ന യുവനേതാക്കളെ വെട്ടിനിരത്തിയത് സാമൂഹിക മാധ്യമങ്ങളിൽ ചർച്ചയായിട്ടുണ്ട്. ഇവരിൽ കൂടുതൽ പേരും ഇത്തവണ സീറ്റ് പ്രതീക്ഷിച്ചിരുന്നു. കോർപ്പറേഷന്റെ ഭരണവുമായി ബന്ധപ്പെട്ട ചില ആക്ഷേപങ്ങൾ ആര്യാ രാജേന്ദ്രന് വിനയായി മാറി. ഒരു പ്രതിഷേധ റാലിയിലെ സംസ്കാര ശൂന്യമായ മുദ്രാവാക്യം വിളിയാണ് ചിന്താ ജെറോമിന്റെ സാധ്യത ഇല്ലാതാക്കിയത്.

മുൻ മന്ത്രിമാർക്കും സിറ്റിംഗ് എം.എൽ.എമാർക്കും വീണ്ടും പരിഗണന നൽകുമ്പോൾ നേതാക്കളെ തഴഞ്ഞത് വോട്ടർമാരെ എങ്ങനെ ബാധിക്കും എന്ന ആശങ്ക നേതാക്കൾക്കുണ്ട്. എം.എം. മണി, എം. മുകേഷ് എന്നിവർക്ക് സീറ്റ് നൽകാത്തതിന്റെ പേരിൽ അത്ര കടുത്ത പ്രതിഷേധമൊന്നും ഉയർന്നിട്ടില്ല. എന്നാൽ മൂന്നാം ടേമിലും ഭരണം പിടിക്കാൻ 56 സിറ്റിംഗ് എം.എൽ.എമാർക്ക് സീറ്റ് നൽകിയതിൽ പലർക്കും ആശങ്കയുണ്ട്. കുടുംബ രാഷ്ട്രീയത്തെ നഖശിഖാന്തം എതിർക്കുന്നവർ തന്നെ പി.ബി. അംഗങ്ങളായവിജയരാഘവന്റെ ഭാര്യ പ്രൊഫസർ ബിന്ദുവിനും സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന്റെ ഭാര്യ പി.കെ. ശ്യാമളയ്ക്കും സീറ്റ് നൽകിയതിൽ പലർക്കും അമർഷമുണ്ട്.

ചെറുകക്ഷികളുടെ തർക്കം ഇടതുമുന്നണിക്ക് തലവേദന സൃഷ്ടിക്കുന്നുണ്ട്. കേരള കോൺഗ്രസ് (എം) ആവശ്യപ്പെട്ട 13-ാമത്തെ സീറ്റ് നൽകേണ്ടതില്ലെന്നാണ് സി.പി.എം തീരുമാനിച്ചിട്ടുള്ളത്. എൻ.സി.പിയുടെ സീറ്റായ എലത്തൂരിൽ എ.കെ. ശശീന്ദ്രൻ മത്സരിക്കുന്ന കാര്യത്തിലും തീരുമാനമായിട്ടില്ല. ആർ.ജെ.ഡിക്ക് നാലാമതൊരു സീറ്റ് കൂടി വേണമെന്ന ആവശ്യവും അംഗീകരിച്ചിട്ടില്ല. കോവളം, തിരുവനന്തപുരം സീറ്റുകളെച്ചൊല്ലിയുള്ള തർക്കങ്ങളും തുടരുന്നു.

## ഗ്യാരന്റിയുമായി രാഹുൽ




## അങ്കത്തട്ട് ഉണർന്നു

# യു.ഡി.എഫ് അല്ലാതെ മറ്റാര് ?



പി സുധാകരൻ

### ഗ്യാരന്റികൾ

1. സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ സൗജന്യ യാത്ര.
2. വിദ്യാർത്ഥിനികൾക്ക് പ്രതിമാസം 1000 രൂപ.
3. ക്ഷേമ പെൻഷൻ 3000 രൂപയായി ഉയർത്തും.
4. കുടുംബങ്ങൾക്ക് 25 ലക്ഷത്തിന്റെ സൗജന്യ ആരോഗ്യ ഇൻഷുറൻസ് (ഉമ്മൻ ചാണ്ടി ആരോഗ്യ പദ്ധതി).
5. യുവസംരംഭകർക്ക് അഞ്ച് ലക്ഷം രൂപയുടെ പലിശരഹിത വായ്പ.
6. യുവസംരംഭകർക്ക് 5 ലക്ഷം രൂപയുടെ സൗജന്യ ഇൻഷുറൻസ്.
7. മുതിർന്ന പൗരന്മാർക്കായി പ്രത്യേക വകുപ്പ്.



നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ ഉശിരൻ പ്രഖ്യാപനങ്ങൾ. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നയിച്ച പുതുയുഗ യാത്രയുടെ സമാപന സമ്മേളനത്തിലാണ് യു.ഡി.എഫ് പ്രവർത്തകരെ ആവേശം കൊള്ളിച്ച ഈ പ്രഖ്യാപനങ്ങൾ.

കേരളത്തിലെ ജനങ്ങളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാനും സ്ത്രീകളെയും യുവാക്കളെയും ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നവയാണ് ഇവ. സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സിയിൽ സൗജന്യ ബസ് യാത്ര. ഇത് സ്ത്രീകളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുകയും



**കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക, സ്ത്രീകളെയും യുവാക്കളെയും ശാക്തീകരിക്കുക എന്നിവയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്നതെന്ന് രാഹുൽ ഗാന്ധി പറഞ്ഞു. വിശദമായ പ്രകടന പത്രിക വരുംദിവസങ്ങളിൽ പുറത്തിറക്കുമെന്നും സൂചിപ്പിച്ചു. ഇൻഡ്യ-യു.എസ്. വ്യാപാരകരാറിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന്റെ താത്പര്യങ്ങൾ ഡൊണാൾഡ് ട്രംപിന് അടിയറവ് വച്ചിരിക്കുകയാണെന്ന് ആരോപിച്ചു. ട്രംപ് നരേന്ദ്ര മോദിയെ വിരട്ടുമ്പോൾ നരേന്ദ്ര മോദി - പിണറായി വിജയനെയാണ് വിരട്ടുന്നതെന്ന് രാഹുൽ പറഞ്ഞു.**

കുടുംബങ്ങളുടെ ദൈനംദിന ചെലവ് കുറയ്ക്കുകയും ചെയ്യും. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് കടന്നുവരുന്ന പെൺകുട്ടികളെ പ്രോത്സാഹിപ്പിക്കാനായി കോളെജ് വിദ്യാർത്ഥിനികൾക്ക് പ്രതിമാസം 1000 രൂപ നൽകും.

സാമൂഹിക ക്ഷേമ പെൻഷൻ 3000 രൂപയായി വർദ്ധിപ്പിക്കും. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് അർഹമായ സാമ്പത്തിക സുരക്ഷ ഉറപ്പാക്കാനാണിത്.

കുടുംബങ്ങൾക്ക് 25 ലക്ഷം രൂപയുടെ സൗജന്യ ഇൻഷുറൻസ്. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി' എന്നായിരിക്കും ഇതിന്റെ പേര്. സാമ്പത്തിക ബാദ്ധ്യത ഇല്ലാതെ എല്ലാവർക്കും മികച്ച ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം.

യുവസംരംഭകർക്ക് 5 ലക്ഷം രൂപ പലിശരഹിത വായ്പയായി നൽകും. സംരംഭങ്ങൾ തുടങ്ങുന്നതിനും തൊഴിലവസരങ്ങൾ കിട്ടുന്നതിനുമാണിത്. മുതിർന്ന പൗരന്മാർക്കായി പ്രത്യേക വകുപ്പ്, വയോജനങ്ങളുടെ ക്ഷേമം സംരക്ഷിക്കാനും അന്തസ്സ് എന്നിവ ഉറപ്പാക്കാനാണിത്.

കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക, സ്ത്രീകളെയും യുവാക്കളെയും ശാക്തീകരിക്കുക എന്നിവയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്നതെന്ന് രാഹുൽ ഗാന്ധി പറഞ്ഞു. വിശദമായ പ്രകടന പത്രിക വരുംദിവസങ്ങളിൽ പുറത്തിറക്കുമെന്നും സൂചിപ്പിച്ചു.

ഇൻഡ്യ- യു.എസ്. വ്യാപാരതകരാറിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിന്റെ താത്പര്യങ്ങൾ ഡൊണാൾഡ് ട്രംപിന് അടിയറവ് വച്ചിരിക്കുകയാണെന്ന് ആരോരപിച്ചു. ട്രംപ് നരേന്ദ്ര മോദിയെ വിരട്ടുമ്പോൾ നരേന്ദ്ര മോദി – പിണറായി വിജയനെയാണ് വിരട്ടുന്നതെന്ന് രാഹുൽ പറഞ്ഞു.

ജാഥാ ക്യാപ്റ്റൻ വി.ഡി. സതീശൻ, എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ, കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫ് മുൻ കെ പി.സി.സി പ്രസിഡന്റുമാരായ കെ. മുരളീധരൻ, കെ. സുധാകരൻ, കേരളത്തിന്റെ ചുമതലയുള്ള എ.ഐ.സി.സി ജനറൽ സെക്രട്ടറി ദീപാ ദാസ് മുൻഷി, രമേശ് ചെന്നിത്തല, ശശി തരൂർ, കൊടിക്കുന്നിൽ സുരേഷ്, പ്രതിപക്ഷ ഉപനേതാവ് പി.കെ. കുഞ്ഞാലിക്കുട്ടി, യു.ഡി .എഫ് കൺവീനർ അടൂർ പ്രകാശ് എം.പി എം.എം. ഹസൻ, അബ്ദു സമദ് സമദാനി തുടങ്ങിയവർ പ്രസംഗിച്ചു. കേരള മുഖ്യമന്ത്രി പിണറായി വിജയൻ തന്റെ ജന്മ നാട്ടുകാരനാണെന്നു പറയാൻ ലജ്ജ തോന്നുന്നതായി കെ. സുധാകരൻ പറഞ്ഞു. തെരഞ്ഞെടുപ്പിൽ നൂറിലേറെ സീറ്റുകളുമായി യു.ഡി.എഫ് അധികാരത്തിൽ വരുമെന്ന് വി.ഡി. സതീശൻ പറഞ്ഞു. പുത്തരിക്കണ്ടം മൈതാനത്ത് വൻ ജനാവലി ചടങ്ങിൽ സാക്ഷ്യം വഹിച്ചു.

പട നയിച്ച
ഭഗീരഥന്മാർ 2



കടവിള ഷാജി

# ജനക്കൂട്ടം ഉമ്മൻ ചാണ്ടിയുടെ പുസ്തകം

'എന്റെ പുസ്തകം ജനക്കൂട്ടമാണ്. സാധാരണക്കാരുമായി ഇടപഴകുമ്പോഴാണ് പല പ്രശ്നങ്ങളുടെയും പൊരുളറിയുന്നത്. പുസ്തകം വായിച്ചാലൊന്നും അത്ര അറിവുണ്ടാകില്ല' ഉമ്മൻ ചാണ്ടി പറഞ്ഞു. പൊതുപ്രവർത്തകന്റെ ഏറ്റവും വലിയ സമ്പത്ത് ജനങ്ങളുടെ വിശ്വാസവും സ്നേഹവുമാണ്. ആ അർത്ഥത്തിൽ രാഷ്ട്രീയത്തിൽ ഏറ്റവും സമ്പന്നനായ നേതാവായിരുന്നു ഉമ്മൻ ചാണ്ടി. ജനങ്ങൾ കണ്ണീരു കൊണ്ട് എഴുതിയ പരാതികൾ അദ്ദേഹം ഹൃദയത്തിന്റെ ഫയലിൽ സൂക്ഷിച്ചു. അവ ഓരോന്നും പരിഹരിക്കാൻ ഊണും ഉറക്കവുമില്ലാതെ കർമ്മനിരതനാകുന്ന ഒരു ഭരണാധികാരി ഇനി ഉണ്ടാകുമോ?

തെരഞ്ഞെടുപ്പ് പ്രചാരണ വേളകളിൽ കുരുക്ഷേത്ര ഭൂമിയിലെ അർജ്ജുനനെപ്പോലെയായിരുന്നു ഉമ്മൻ ചാണ്ടി. ധീരനായ പടത്തലവൻ. തെരഞ്ഞെടുപ്പ് തന്ത്രങ്ങളുടെയും അടവു നയങ്ങളുടെയും ആചാര്യൻ. ഉമ്മൻ ചാണ്ടിയെക്കുറിച്ച് നാം ശരിക്കും അറിഞ്ഞത് അദ്ദേഹത്തിന്റെ കാലശേഷമാണ്. കേരള രാഷ്ട്രീയത്തിൽ ആർദ്രതയുടെ പര്യായമായിരുന്നു ഉമ്മൻ ചാണ്ടി. ജനങ്ങൾ കണ്ണീരു കൊണ്ട് എഴുതിയ പരാതികൾ അദ്ദേഹം ഹൃദയത്തിന്റെ ഫയലിൽ സൂക്ഷിച്ചു. അവ ഓരോന്നും പരിഹരിക്കാൻ ഊണും ഉറക്കവുമില്ലാതെ കർമ്മനിരതനായി. ആറു പതിറ്റാണ്ട് നീണ്ട ആ രാഷ്ട്രീയ ജീവിതം പല കാരണങ്ങളാൽ ഒറ്റപ്പെട്ടുപോയവരെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു. ഒരു രാഷ്ട്രീയ നേതാവിനോ ഭരണാധികാരിക്കോ പാവങ്ങളെ കൈപിടിച്ചുയർത്താൻ എന്തു ചെയ്യാൻ കഴിയും എന്നതിന് ഉത്തമ ദൃഷ്ടാന്തമാണ് ഉമ്മൻ ചാണ്ടി. അതിന് അധികാരമാന്നും അദ്ദേഹത്തിന് അത്യന്താപേക്ഷിതമായിരുന്നില്ല. യൂത്ത് കോൺഗ്രസ് പ്രസിഡന്റായിരിക്കുമ്പോൾ തുടങ്ങിയതാണ് ആ ജനകീയ ഇടപെടൽ. അതിന് കക്ഷിരാഷ്ട്രീയമൊന്നും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. വേദനയനുഭവിക്കുന്നവൻ ആരാണെങ്കിലും അവന്റെ മുന്നിൽ ഉമ്മൻ ചാണ്ടിയുടെ ഹൃദയം ആർദ്രമാകും. ഒരു സാന്ത്വന സ്പർശം പോലെ സഹായമെത്തിക്കുകയും ചെയ്യും. മനുഷ്യത്വമാണ് മുഖ്യ രാഷ്ട്രീയ മൂല്യമെങ്കിൽ ഉമ്മൻ ചാണ്ടിയേക്കാൾ വലിയൊരു രാഷ്ട്രീയ നേതാവിനെ എവിടെയും കണ്ടെത്താനാവില്ല. ആ സ്നേഹ തണലിൽ അഭയം ലഭിച്ചവരാണ് അന്ത്യയാത്രയിൽ ജനപ്രവാഹമായി അദ്ദേഹത്തെ അനുഗമിച്ചത്.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വേരുറപ്പിച്ച കേരളത്തിൽ അവരേക്കാൾ വിപ്ലവാശയങ്ങളുമായി രംഗത്തു വന്ന യൂത്ത് കോൺഗ്രസിന്റെ നേതാവായാണ് ഉമ്മൻ ചാണ്ടി. പൊതുപ്രവർത്തന രംഗത്തേക്ക് ഇറങ്ങിയത്. ഒരണ സമരമടക്കം ഒരു തലമുറയെ ഇളക്കിമറിച്ച ഒട്ടേറെ സമരങ്ങൾ ഉമ്മൻ ചാണ്ടി കെ.എസ്.യു പ്രസിഡന്റായിരുന്നപ്പോൾ നടന്നു. വിദ്യാർത്ഥി സമരകാലത്തെ ഒരുജ്ജ്വല അധ്യായമായിരുന്നു മുരളി സമരം. തേവര എസ്.എച്ച് കോളേജിലെ വിദ്യാർത്ഥികളെ പോലീസ് ക്രൂരമായി മർദ്ദിച്ചതാണ് സമരത്തിന് ഹേതുവായത്. ഓടയിൽ വീണ് കിടക്കുകയായിരുന്ന ടി.കെ. മുരളി എന്ന വിദ്യാർത്ഥിയെ പോലീസ് തല്ലിച്ചതച്ചു. പിറ്റേന്ന് ടി.കെ. മുരളി മരിച്ചു. അടുത്ത ദിവസം അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ച് കെ.എസ്.യു പ്രക്ഷോഭം തുടങ്ങി. ‘ലാത്തി പുല്ലാങ്കുഴലല്ല‘ എന്ന് പ്രഖ്യാപിച്ച് സർക്കാർ ബലപ്രയോഗം തുടങ്ങിയപ്പോഴാണ് ‘കാറ്റ് വിതച്ച് കൊടുങ്കാറ്റ് കൊയ്യരുത്‘ എന്ന് ഓർമ്മിപ്പിച്ച് ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ ഉറച്ചുനിന്നു. ഒടുവിൽ ഫാക്റ്റ് ചെയർമാൻ എം.കെ.കെ നായരുടെ മധ്യസ്ഥതയിൽ സമരം ഒത്തുതീർപ്പായി. കളക്ടറേറ്റ് മാർച്ചോടെ സമരം അവസാനിപ്പിക്കാനായിരുന്നു ധാരണ. എന്നാൽ മാർച്ചിന് നേരെ ഭീകരമായ പോലീസ് ലാത്തിച്ചാർജ് ഉണ്ടായി. ഉമ്മൻ ചാണ്ടിയടക്കം ഒട്ടേറെ പേർക്ക് കഠിന മർദ്ദനമേറ്റു. നിർത്താൻ തീരുമാനിച്ച സമരം കൂടുതൽ രൂക്ഷമായി. ഒടുവിൽ സർക്കാർ അയഞ്ഞു. മുരളിയുടെ മരണത്തെയും ലാത്തിച്ചാർജിനെയും കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താം എന്ന ഉറപ്പിന്മേൽ സമരം പിൻവലിച്ചു. ആ പോരാട്ട വീര്യം ഉമ്മൻ ചാണ്ടിയെ യൂത്ത് കോൺഗ്രസ് പ്രസിഡന്റാക്കി. തുടർന്ന് കെ.എസ്.യുവും യൂത്ത് കോൺഗ്രസും കോൺഗ്രസിലെ തിരുത്തൽ ശക്തിയായി. ഇടതുപക്ഷത്തിന്റെ കാലിടറിയ കാലമായിരുന്നു അത്. കോൺഗ്രസിലെ ആ യുവനേതൃത്വം പാർട്ടിയുടെ നേതൃത്വത്തിലേക്ക് ഉയർന്നപ്പോഴാണ് എസ്.എഫ്ഐയും ഡി.വൈ.എഫ് ഐ യും തലപൊക്കിയത്.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വേരുറപ്പിച്ച കേരളത്തിൽ അവരേക്കാൾ വിപ്ലവാശയങ്ങളുമായി രംഗത്തു വന്ന യൂത്ത് കോൺഗ്രസിന്റെ നേതാവായാണ് ഉമ്മൻ ചാണ്ടി. പൊതുപ്രവർത്തന രംഗത്തേക്ക് ഇറങ്ങിയത്. ഒരണ സമരമടക്കം ഒരു തലമുറയെ ഇളക്കിമറിച്ച ഒട്ടേറെ സമരങ്ങൾ ഉമ്മൻ ചാണ്ടി കെ.എസ്.യു പ്രസിഡന്റായിരുന്നപ്പോൾ നടന്നു. വിദ്യാർത്ഥി സമരകാലത്തെ ഒരുജ്ജ്വല അധ്യായമായിരുന്നു മുരളി സമരം.

ഇടതു പക്ഷത്തിന്റെ അടിത്തറ ഇളക്കുന്ന തീരുമാനങ്ങൾ എടുക്കുന്നതിൽ എക്കാലവും അഗ്രഗണ്യനായിരുന്നു ഉമ്മൻ ചാണ്ടി. 1977-ൽ 1.5 ലക്ഷം യുവാക്കൾക്ക് തൊഴിലില്ലായ്മ വേതനം നൽകിയതും ചുമട്ടു തൊഴിലാളി ക്ഷേമ നിയമം കൊണ്ടുവന്നതും ഇടതുപക്ഷത്തിനേറ്റ ഇരുട്ടടികളായിരുന്നു. മാരക രോഗങ്ങൾ ബാധിച്ചവർക്കായി കാരുണ്യ ഫണ്ട് ഏർപ്പെടുത്തിയത് കെ.എം. മാണിയും ഉമ്മൻ ചാണ്ടിയും കൈകോർത്ത ചരിത്രമുഹൂർത്തമായി.

പുതുപ്പള്ളി മണ്ഡലത്തിൽ 12 പ്രാവശ്യം വിജയക്കൊടി പാറിച്ച് റെക്കോർഡ് സൃഷ്ടിച്ച നേതാവാണ് ഉമ്മൻ ചാണ്ടി. ഏറെ വിവാദം സൃഷ്ടിച്ച സോളാർ കേസിൽ ആരോപണങ്ങളെല്ലാം കള്ളമാണെന്ന് തെളിയിച്ച് അഗ്നിശുദ്ധി വരുത്തി. കണ്ണൂരിൽ രാഷ്ട്രീയ വൈരത്തിൽ പാഞ്ഞുവന്ന കല്ല് നെറ്റിയിൽ മുറിവേൽപ്പിച്ചപ്പോഴും അദ്ദേഹം പുഞ്ചിരിക്കുകയായണുണ്ടായത്. മരിക്കുന്നതിന് ഏട്ടു മാസം മുമ്പാണ് പുതുപ്പള്ളിയിൽ കുടുംബവീതമായി ലഭിച്ച ഭൂമിയിൽ വീടുപണി തുടങ്ങിയത്. ഒട്ടേറെ പേർക്ക് വീടുവയ്ക്കാൻ നേതൃത്വം നൽകിയെങ്കിലും സ്വന്തം വീട് പൂർത്തീകരിക്കാനായില്ല. ഈ വീടിന്റെ മുറ്റത്തുനിന്നുമായിരുന്നു. സ്വന്തം ഇടവകയിലേയ്ക്കുള്ള അദ്ദേഹത്തിന്റെ അന്ത്യയാത്ര.

വിപ്ലവസ്മരണകൾ
ശക്തിപ്പെടുന്നു



# പിണറായിസം
# പതനത്തിലേക്ക്

പി.വി.അൻവർ EX. MLA



സിപി.എം ആസ്ഥാനമായ തിരുവനന്തപുരം എ.കെ.ജി സെന്ററിൽ സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന്റെ വാർത്താസമ്മേളനം നടക്കുകയാണ്. ചോദ്യങ്ങൾക്കിടെ ഒരു മാധ്യമപ്രവർത്തകൻ ചോദിച്ചു, 'ജി. സുധാകരനെ സ്ഥാനാർത്ഥിയാക്കാൻ പാർട്ടി പരിഗണിക്കുന്നുണ്ടോ?'

'ഒരു പരിഗണനയുമില്ല' എടുത്തടിച്ച പോലുള്ള മറുപടി. തുടർന്ന് പൊട്ടിച്ചിരിക്കുന്നു. സംസ്ഥാന സെക്രട്ടറിയുടെ കണ്ണിൽ ചോരയില്ലാത്ത മറുപടിയും പരിഹാസവുമാണ് 53 വർഷക്കാലത്തെ സി.പി.എം ബന്ധം ഉപേക്ഷിക്കാൻ മുതിർന്ന നേതാവും മുൻ സംസ്ഥാന സമിതി അംഗവുമായ ജി. സുധാകരനെ പ്രേരിപ്പിച്ചത്. പാർട്ടിയിൽ നിന്ന് നേരിടേണ്ടി വന്ന അവഗണനയും അപമാനവും തന്നെ എത്രത്തോളം മുറിപ്പെടുത്തിയെന്ന് അദ്ദേഹം കുറിപ്പിലൂടെ വ്യക്തമാക്കുന്നുണ്ട്.

പി.വി. അൻവർ ഇങ്ങനെ കുറിക്കുന്നു: 'ജില്ലാ സെക്രട്ടറി ആയ കാലയളവിൽ ഒരു പരിപാടിയും എന്നെ അറിയിച്ചിട്ടില്ല. അടിയന്തിരാവസ്ഥയുടെ അവതാരങ്ങൾ വീട്ടിലുള്ളപ്പോൾ കെ.എസ്.എഫിൽ നടത്തിയ പോരാട്ടകാലത്ത് ജയിൽവാസവും മർദ്ദനവും അനുഭവിച്ച എന്നെ അവർ വിളിച്ചില്ല. 43 വർഷത്തെ സംസ്ഥാന സമിതി അംഗത്വത്തിന് ശേഷം ബ്രാഞ്ചിൽ വന്ന് പ്രവർത്തിച്ചപ്പോൾ എങ്ങനെയുണ്ടെന്ന് ഒരു തവണ പോലും ജില്ലാ സെക്രട്ടറി അന്വേഷിച്ചില്ല. സഹിച്ചതുമതി. പാർട്ടിയിൽ മേൽ പറഞ്ഞ വ്യക്തികൾ കാരണം ബുദ്ധിമുട്ടാകാൻ ആഗ്രഹിക്കുന്നില്ല. അതിനാൽ മെമ്പർഷിപ്പ് പുതുക്കുന്നില്ല. ആശയദർശനങ്ങളിൽ ജനപക്ഷത്തോടൊപ്പം ഉറച്ചു നിൽക്കുകയും ചെയ്യും.'

ജി. സുധാകരനെപ്പോലെ പരിണിതപ്രജ്ഞരായ അനേകം നേതാക്കൾ പിണറായിസത്തിന്റെ ഭാഗമായി അന്യവൽക്കരിക്കപ്പെട്ടിട്ടുണ്ട്, അവഗണിക്കപ്പെട്ടിട്ടുണ്ട്

പലരുടെയും വേദനകൾ എനിക്ക് നേരിട്ടറിയാവുന്നതാണ്. ഒന്നര വർഷം മുൻപ് ഞാൻ സൂചിപ്പിച്ച കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പാർട്ടി അണികളിൽ നടക്കുന്ന ഒരു വർഗ്ഗ സമരത്തെക്കുറിച്ചായിരുന്നു.

**സി.പി.എമ്മിൽ ഒരു വർഗ്ഗ സമരം നടക്കുന്നുണ്ട്. അടിച്ചമർത്തലുകൾക്കും അടക്കിപ്പിടിക്കലുകൾക്കും അപ്പുറം സഖാക്കൾ ഓരോരുത്തരായി കാര്യങ്ങൾ തുറന്നു പറയുകയാണ്. ഇതിൽ പരിണിത പ്രജ്ഞരായ ജി. സുധാകരൻ, വി. കുഞ്ഞുകൃഷ്ണൻ, പി. ശശി, വി.കെ മധു ഇവർക്ക് ശേഷം... ആ പട്ടിക നീണ്ടു പോകുന്നു. ഇടതുപക്ഷ പ്രസ്ഥാനത്തിനു നേരെ ഇവർ പറയുന്നതിനേക്കാൾ കൂടുതൽ മനസ്സിലാക്കിയത് അണികളായ സഖാക്കളാണ്. പാർട്ടിയിലെ ഏകാധിപത്യ പ്രവണതയോട് ഏറ്റവും വൈകാരികമായി പ്രതികരിക്കാൻ പോകുന്നത് അവരാണ്.**

അടിച്ചമർത്തലുകൾക്കും അടക്കിപ്പിടിക്കലുകൾക്കും ശേഷം സഖാക്കൾ ഓരോരുത്തരായി തുറന്നു പറയുകയാണ്. കണ്ണൂരിൽ പാർട്ടി ജില്ലാ കമ്മിറ്റി അംഗമായിരുന്ന വി. കുഞ്ഞികൃഷ്ണന്റെ നേതൃത്വത്തെ അണികൾ തിരുത്തണം എന്ന പുസ്തകം പാർട്ടി അണികളിൽ പുതിയൊരു ചിന്ത ഉണർത്തിയിട്ടുണ്ട്. വിലക്കുകൾ ലംഘിച്ച് ആ പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ പങ്കെടുത്ത വൻ ജനാവലി നേതൃത്വത്തെ ജനങ്ങൾ തിരുത്തിക്കും എന്നതിന്റെ വ്യക്തമായ സൂചനയാണ്. ആ പുസ്തകത്തിന്റെ പേര് സത്യസന്ധവും പൗരുഷം നിറഞ്ഞതുമായ ഒരു കമ്മ്യൂണിസ്റ്റ് നേതാവിന്റെ ആഹ്വാനമായിട്ടാണ് സഖാക്കൾ കാണുന്നത്. കുറ്റം ചെയ്തവർക്കെതിരെ നടപടി എടുക്കുന്നതിനു പകരം അത് ചൂണ്ടിക്കാണിച്ചവർക്കെതിരെ നടപടി വന്നതിലാണ് ജനങ്ങൾക്കിടയിൽ കാര്യങ്ങൾ തുറന്നു പറയാൻ കുഞ്ഞികൃഷ്ണൻ പുസ്തകം എഴുതിയത്.

പാലക്കാട് ചേർന്ന പാർട്ടി വിമതന്മാരുടെ യോഗവും ട്രാൻസ്പേരൻസിയുടെ വേദിയായി. ജില്ലയിലെ മുതിർന്ന നേതാവായ പി.കെ. ശശിയാണ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തത്. ഈ

വിഭാഗം ഒലവക്കോട് മണ്ഡലത്തിൽ വിമത സ്ഥാനാർത്ഥിയായി മത്സരിക്കുന്നുമുണ്ട്. സംസ്ഥാനത്ത് മിക്കവാറും മണ്ഡലങ്ങളിലും വിമതസ്വരം ശക്തി പ്രാപിക്കുന്നുണ്ട്.

ഇടതുപക്ഷ പ്രസ്ഥാനത്തിനുണ്ടായ ഈ അപചയത്തെ നേതൃത്വത്തേക്കാൾ മനസ്സിലാക്കിയത് അണികളായ സഖാക്കളാണ്. പാർട്ടിയിലെ ഏകാധിപത്യ പ്രവണതയോട് ഏറ്റവും വൈകാരികമായി പ്രതികരിക്കാൻ പോകുന്നതും അവരാണ്.

തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് വോട്ടെടുപ്പ് ദിവസത്തിനായി അവർ കാത്തിരിക്കുകയാണ്.

സി.പി.എം ഒരു വിപ്ലവ പാർട്ടിയാണെന്ന് അവർ പോലും അവകാശപ്പെടുമെന്ന് തോന്നുന്നില്ല. ഒരു സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയാണെന്ന് പോലും പറയാനാവില്ല. പത്തു കൊല്ലം സംസ്ഥാനം ഭരിച്ചിട്ടും ജനങ്ങളെ നേരിടാൻ സി.പി.എം നേതാക്കൾക്ക് ഭയമാണ്. ആത്മവിശ്വാസമില്ലായ്മ തന്നെയാണ് പ്രധാന പ്രശ്നം. അത് മറച്ചുപിടിക്കാനാണ് പൊതുജനങ്ങളുടെ പണമെടുത്ത് പത്രങ്ങളിലും ചാനലുകളിലും പരസ്യം നൽകുന്നത്. 'നമ്പർ വൺ കേരളം' എന്ന പൊള്ളയായ പരസ്യത്തിന്റെ പൊരുൾ എന്താണെന്ന് ശബ്ദമില്ലാത്ത പാവം ജനങ്ങൾക്കിടയിൽ പോയി ചോദിച്ചാൽ അറിയാം. വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങൾ പറയുമ്പോൾ ഉപരിപഠനത്തിനായി യൂറോപ്യൻ രാജ്യങ്ങളിലേക്ക് ചേക്കേറിയ ലക്ഷക്കണക്കിന് കുട്ടികളുടെ അനുഭവം മറക്കാൻ കഴിയുമോ?.സി.പി.എമ്മിനെ സഹായിക്കുന്ന സാഹിത്യകാരന്മാർ പോലും ഉപദേശിക്കുന്നത് ഭരണം ഒഴിവാക്കാനാണ്. എന്നിട്ടും സി.പി.എം നേതാക്കൾ സാധാരണ മനുഷ്യരുടെ സാമാന്യ ബുദ്ധിയെ പരിഹസിക്കുകയാണ്.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കണ്ടതുപോലെ പിണറായിയുടെ പടം പ്രദർശിപ്പിച്ചുള്ള വോട്ട് പിടുത്തം ഇത്തവണ ഒരിടത്തുമില്ല. കാരണം ആ പടം കണ്ടാൽ തന്നെ ജനങ്ങൾ

**മരുമകൻ മുഹമ്മദ് റിയാസിനെ അടുത്ത മുഖ്യമന്ത്രിയാക്കാനുള്ള ആസൂത്രണം പിണറായി മനസ്സിൽ സൂക്ഷിക്കുന്നുണ്ട്. അതുകൊണ്ടാണ് രണ്ടാം നിരയിൽപ്പെട്ട എ.എൻ. ഷംസീർ ഉൾപ്പെടെയുള്ളവർക്ക് സീറ്റ് നൽകാത്തത്. പക്ഷേ അടുത്ത ഭരണം യു.ഡി.എഫിനാണെന്ന് പിണറായിക്ക് പോലും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അഞ്ചുവർഷം കഴിയുമ്പോഴേക്ക് മരുമകന്റെ രാഷ്ട്രീയ ഭാവി അദ്ദേഹം നോക്കുന്നുണ്ടല്ലോ. അതുകൊണ്ടാണ് സ്ഥാനാർത്ഥി നിർണ്ണയത്തിൽ നല്ലൊരു വെട്ടിനിരത്തൽ നടത്തിയത്.**

മുഖം തിരിക്കുമെന്ന് നേതാക്കൾ മനസ്സിലാക്കിയിരിക്കുന്നു. പരസ്യമായി പറയുന്നില്ലെന്ന് മാത്രം, ജനങ്ങളെ പരമാവധി സേവിച്ചു എന്ന് ആത്മവിശ്വാസമുള്ള സിറ്റിംഗ് എം.എൽ.എമാർ പോലും ഭയത്തിലാണ്.

ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം മുഖ്യമന്ത്രി ആരെന്ന ചോദ്യത്തിന് ഒരേയൊരു ഉത്തരമേയുള്ളൂ – പിണറായി വിജയൻ. മറ്റൊരാളുടെ പേര് പറയാൻ ആർക്കും ധൈര്യമില്ല. കെ.കെ. ഷൈലജയുടെ പേര് ഉയർന്നു വന്നപ്പോൾ തന്നെ തോൽക്കുമെന്ന് ഉറപ്പുള്ള ഒരു സീറ്റ് നൽകി അവരെ ഒതുക്കി. അതുപോലെ മുഖ്യമന്ത്രിയാകാൻ സാധ്യത കൽപ്പിക്കാവുന്ന ഡോ. തോമസ് ഐസക്കിനും ജി. സുധാകരനും സീറ്റ് നൽകിയതുമില്ല.

മരുമകൻ മുഹമ്മദ് റിയാസിനെ അടുത്ത മുഖ്യമന്ത്രിയാക്കാനുള്ള ആസൂത്രണം പിണറായി മനസ്സിൽ സൂക്ഷിക്കുന്നുണ്ട്. അതുകൊണ്ടാണ് രണ്ടാം നിരയിൽപ്പെട്ട എ.എൻ. ഷംസീർ ഉൾപ്പെടെയുള്ളവർക്ക് സീറ്റ് നൽകാത്തത്.

പക്ഷേ അടുത്ത ഭരണം യു.ഡി.എഫിനാണെന്ന് പിണറായി പോലും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അഞ്ചുവർഷം കഴിയുമ്പോഴേക്ക് മരുമകന്റെ രാഷ്ട്രീയ ഭാവി അദ്ദേഹം നോക്കുന്നുണ്ടല്ലോ. അതുകൊണ്ടാണ് സ്ഥാനാർത്ഥി നിർണ്ണയത്തിൽ നല്ലൊരു വെട്ടിനിരത്തൽ നടത്തിയത്.

ലേഖകൻ എന്ന നിലയിൽ എന്റെ വിഷയങ്ങൾ കേരള സമൂഹം ആഴ്ചകളും മാസങ്ങളുമെടുത്ത് ചർച്ച ചെയ്തിട്ടുള്ളതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഇവിടെ കടക്കുന്നില്ല. പിണറായിസത്തിന് അന്ത്യം കുറിയ്ക്കാൻ മുൻഗാമികൾക്കൊപ്പം ഞാനും എന്റെ പുറകെ പാർട്ടി സഖാക്കളായ നേതാക്കളും അണികളും ഒരു കുത്തൊഴുക്കുപോലെ ഇടതുപക്ഷത്തെ വിട്ടുപോകുന്നത് പിണറായി നിസ്സഹായനായി നോക്കി നിൽക്കേണ്ടിവരും.

ചെയ്ത് കൂട്ടിയതിനൊക്കെ
മാപ്പിരക്കണം

# മുഖ്യമന്ത്രി മാപ്പ് പറയേണ്ടത് മമ്മൂട്ടിയോടല്ല, സിദ്ധിഖിനോട്

**മുഖ്യമന്ത്രി ആരോടൊക്കെ മാപ്പിരക്കണം?**

- വീണ ജോർജ്ജിനെക്കൊണ്ട് പച്ചക്കള്ളം പറയിപ്പിച്ച് കേരളമാകെ കലാപമുണ്ടാക്കി കോൺഗ്രസ്സ് ഓഫീസുകൾ അടിച്ചു തകർത്തതിന് കോൺഗ്രസ്സുകാരോട്
- കേരള സ്ത്രീകളുടെ ചാരിത്ര്യശുദ്ധിയെ ചോദ്യം ചെയ്തുകൊണ്ടുള്ള ചിന്താജറോമിന്റെ മുദ്രാവാക്യം കേൾക്കേണ്ടിവന്ന അമ്മാരോട്
- കോഴിക്കോട് ആശുപത്രിയിലെ ഐ.സി.യുവിൽ ജീവനക്കാരനായ സഖാവിനാൽ ബലാൽസംഗം ചെയ്യപ്പെട്ട പാവം സ്ത്രീയോട്
- ശസ്ത്രക്രിയ കഴിഞ്ഞ് തന്റെ വയറ്റിൽ നിക്ഷേപിച്ച കത്രികയും പേറി അഞ്ച് വർഷം നടക്കേണ്ടിവന്ന ഉഷ ജോസഫിനോട്
- നികൃഷ്ട ജീവിയെന്ന് ക്രൈസ്തവ പുരോഹിതരെയും പരനാറിയെന്ന് ബഹുമാന്യനായ ഒരു എം. പിയെയും കുലം കുത്തി എന്ന് മറ്റു പലരെയും വിളിച്ചതിന്...

അങ്ങനെ ആ പട്ടിക നീണ്ടു നീണ്ടു പോകുന്നു...




കെ. കെ. വിശ്വനാഥൻ

വയനാട് മുണ്ടക്കൈ ചൂരൽമല ടൗൺഷിപ്പ് സന്ദർശന സമയത്ത് സി.പി.എം. ജില്ലാ സെക്രട്ടറിയോട് നീരസം പ്രകടിപ്പിച്ചതുമായി ബന്ധപ്പെട്ട വിവാദത്തിൽമുഖ്യമന്ത്രി പിണറായി വിജയൻ നടൻ മമ്മൂട്ടിയോട് മാപ്പു പറഞ്ഞു. ആ സമയം കാക്കകൾ മലർന്നു പറന്നു എന്നാണ് റിപ്പോർട്ട്. ഇതിലും വലിയ അത്യാഹിതങ്ങൾ സംഭവിച്ചപ്പോൾ പോലും പാറപോലെ ഉറച്ചുനിന്ന പിണറായി മാപ്പ് പറഞ്ഞുവെന്ന് കേട്ടപ്പോൾ പലർക്കും വിശ്വസിക്കാനായില്ല. വെളുക്കാൻ തേയ്ച്ചത് പാണ്ടായി എന്നു തോന്നിയതുകൊണ്ടാകണം മമ്മൂട്ടി ജീവിതത്തിലാദ്യമായി മാപ്പ് പറയൽ എന്ന കടുത്ത സാഹസത്തിന് മുതിർന്നത്.

മമ്മൂട്ടിയുടെ ടൗൺഷിപ്പ് സന്ദർശന വേളയിൽ അദ്ദേഹത്തോടൊപ്പം നടന്നു നീങ്ങിയ ദിവ്യന്മാരിൽ പ്രമുഖനായിരുന്നു. ജില്ലാ സെക്രട്ടറി. താൻ ടൗൺഷിപ്പിന്റെ ആത്മാവും മമ്മൂട്ടി കാഴ്ചക്കാരനുമെന്ന ധാരണയുണ്ടാക്കാനിരുന്നു ജില്ലാ സെക്രട്ടറിയുടെ ശ്രമം.

ദുരന്ത സമയത്ത് ആ മനുഷ്യർക്കുവേണ്ടി സ്വയം സമർപ്പിച്ചവരിൽ സഖാക്കൾ മാത്രമായിരുന്നില്ല. കോൺഗ്രസ്സുകാരും ലീഗുകാരും സംഘികളും വിവിധ മതസംഘടനകളും മതമില്ലാത്തവരുമൊക്കെ ഉണ്ടായിരുന്നു. മനുഷ്യർക്കേവേണ്ടി മനുഷ്യർ നടത്തിയ പോരാട്ടമായിരുന്നു അത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്തവരിലും ഈ വൈവിദ്ധ്യമുണ്ട്. പക്ഷെ ടൗൺഷിപ്പിന്റെ ഉദ്ഘാടന ചടങ്ങ് ഇടതുപക്ഷത്തിന്റെ സ്പോൺസേർഡ് പരിപാടിയാക്കി മാറ്റി.

സ്വാഗത പ്രാസംഗികനായ ചീഫ് സെക്രട്ടറി ടി സിദ്ധിഖ് എം.എൽ.എ യുടെ പേര് വിളിച്ചതോടെ ഇടതു പ്രവർത്തകർ സംഘടിതമായി അദ്ദേഹത്തെ കൂകി വെളുപ്പിച്ചു. ഉന്നത നേതൃത്വം അറിഞ്ഞുകൊണ്ടുള്ള ഒരു ആസൂത്രിത പരിപാടി തന്നെയായിരുന്നു അത്. ഈ സമയം വേദിയിലുണ്ടായിരുന്ന മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും അതുകണ്ട് പുഞ്ചിരിയോടെ രസിക്കുകയായിരുന്നു. ഞങ്ങൾ വച്ച വീടുകൾ ഞങ്ങളുടെ നാട്ടുകാർക്ക് നല്കുന്ന





ചടങ്ങിൽ നിങ്ങൾക്കെന്താ കോൺഗ്രസ്സേ എന്നതായിരുന്നു അവരുടെ മുഖങ്ങളിൽ എഴുതി വച്ചിരുന്നത്. കൂക്കിവിളി ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ അത് ആവർത്തിക്കാതിരിക്കാൻ അണികൾക്ക് നിർദ്ദേശം നൽകാൻ ബാധ്യതയുള്ളവർ നാലാംകിട രാഷ്ട്രീയക്കാരായി അധ:പതിക്കുകയായിരുന്നു. രാഷ്ട്രീയത്തിലെ സാമാന്യ മര്യാദകൾക്ക് വില കല്പിക്കാത്ത വർഗ്ഗം.

വയനാട് ദുരന്തമുണ്ടായി പാതിരാത്രി മുതൽ രക്ഷാ പ്രവർത്തനത്തിനും പുനരധിവാസത്തിനും ഉറക്കമൊഴിഞ്ഞ് നേതൃത്വം നൽകിയ ജന പ്രതിനിധിയാണ് ടി. സിദ്ധിഖ് എം.എൽ.എ. പൊതു പരിപാടിയിൽ ജന പ്രതിനിധികളെ ബോധപൂർവ്വം അധിക്ഷേപിക്കുന്ന സി.പി.എം. സംസ്കാരം ഇതാദ്യമല്ലല്ലോ വയനാട്ടുകാർ കാണുന്നത്.

തനിക്കെതിരായ കൂകലിനെ സിദ്ധിഖ് കാര്യമായെടുത്തിട്ടില്ല. മമ്മൂട്ടിക്കെതിരായി സൈബർ ആക്രമണം നടത്തിയവരും ഇതേ കൂട്ടരാണല്ലോ. കൂവലിനെക്കാൾ മാരകമാണല്ലോ സൈബർ ആക്രമണം. തന്റെ സഖാക്കൾ നടത്തിയ വിവരക്കേടിന് മമ്മൂട്ടിയോട് മാപ്പ് പറഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ ആദ്യം മാപ്പ് പറയേണ്ടത് സിദ്ധിക്കിനോടായിരുന്നു. അതിനുള്ള ഹൃദയ വിശാലതയൊന്നും അദ്ദേഹത്തിനില്ലെന്ന് അറിയാത്തവരല്ല കേരളീയർ. മമ്മൂട്ടിയോട് മാപ്പ് പറഞ്ഞത് ഗുരുതരമായ പ്രത്യാഘാതങ്ങൾ മുൻകൂട്ടി കണ്ടിട്ടാണ്. അല്ലാതെ ധാർമ്മിക ബാധ്യത കൊണ്ടൊന്നുമല്ല. ധാർമ്മികതയെന്നത്, അദ്ദേഹത്തിന്റെ നാലയലത്തുകൂടി പോകാത്ത ഒന്നാണല്ലോ.

മാപ്പുപറയാനാണെങ്കിൽ ആരോടൊക്കെ അദ്ദേഹം മാപ്പ് പറയണം? വീണ ജോർജ്ജിനെക്കൊണ്ട് പച്ചക്കള്ളം പറയിപ്പിച്ച് കേരളമാകെ കലാപമുണ്ടാക്കി കോൺഗ്രസ്സ് ഓഫീസുകൾ അടിച്ച് തകർത്തതിന് കോൺഗ്രസ്സിനോട് മാപ്പ് പറയേണ്ടേ? കേരള സ്ത്രീകളുടെ ചാരിത്ര്യശുദ്ധിയെ ചോദ്യം ചെയ്തുകൊണ്ടുള്ള ചിന്താജറോമിന്റെ മ്ലേച്ഛമായ മുദ്രാവാക്യം കേൾക്കേണ്ടിവന്ന കേരളത്തിലെ അമ്മമാരോട് മാപ്പിരക്കേണ്ടേ? കോഴിക്കോട് ആശുപത്രിയിലെ ഐ.സി.യുവിൽ ജീവനക്കാരനായ സഖാവിനാൽ ബലാൽസംഗം ചെയ്യപ്പെട്ട പാവം സ്ത്രീയോടും ശസ്ത്രക്രിയ കഴിഞ്ഞ് തന്റെ വയറ്റിൽ നിക്ഷേപിച്ച കത്രികയുമായി 5 വർഷം നടക്കേണ്ടിവന്ന ഉഷ ജോസഫിനോടുമൊക്കെ മാപ്പ് പറയണ്ടേ? നികൃഷ്ട ജീവികൾ എന്ന് ക്രൈസ്തവ പുരോഹിതരെയും പരനാറിയെന്ന് ബഹുമാന്യനായ ഒരു എം.പിയെയും കുലം കുത്തി എന്ന് മറ്റ് പലരെയും വിളിച്ചതിന് മാപ്പ് പറയേണ്ടതല്ലേ? തീരുന്നില്ല ആ പട്ടിക നീണ്ടു നീണ്ടു പോകുന്നു.

# ഷൈലജയെ കാത്തിരിക്കുന്നത് ഗൗരിയമ്മയുടെ ദുർവിധി

മീരാ നായർ



സി.പി.എമ്മിൽ ഗൗരിയമ്മയ്ക്കും സുശീല ഗോപാലനും ഉണ്ടായ ദുർവിധി തന്നെയാണ് കെ.കെ. ഷൈലജ ടീച്ചറെയും കാത്തിരിക്കുന്നതെന്ന് വ്യക്തമായി. ആദ്യത്തെ വനിതാ മുഖ്യമന്ത്രി പോയിട്ട് ഇനി എം.എൽ.എ എങ്കിലും ആകാൻ കഴിയുമോ എന്ന സംശയമാണ്. കോൺഗ്രസ്സിന്റെ ഉറച്ച സീറ്റും കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫ് മത്സരിക്കുന്നതുമായ പേരാവൂർ സീറ്റ് നൽകി ഷൈലജയെ തോൽപ്പിക്കാനാണ് നീക്കം. പിണറായിക്ക് മീതെ ഒരു ഷൈലജയും പറക്കില്ല എന്ന് സ്ഥാപിക്കുകയാണ് ലക്ഷ്യം. പേരാവൂരിൽ പണി കൊടുത്ത് അവിടെ തന്നെ തീർക്കും. ഇനി ഷൈലജയെക്കുറിച്ച് ഒരു ചർച്ച പോലും ഉണ്ടാകരുത്.

നിയമസഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിനെ നയിക്കുമെന്ന എം. എ. ബേബിയുടെ പ്രഖ്യാപനം വിജ്ഞാപനം വന്നപ്പോൾ തന്നെ മൂന്നാമൂഴവും പിണറായിക്ക് തന്നെയെന്ന് ഉറപ്പായി കഴിഞ്ഞിരുന്നു. സ്ഥാനാർത്ഥി നിർണ്ണയ ചർച്ചകളുടെ തുടക്കത്തിൽ ഷൈലജയ്ക്ക് സീറ്റ് നൽകേണ്ട എന്നായിരുന്നു തീരുമാനം. എന്നാൽ അണികൾക്കിടയിൽ നിന്നുണ്ടായ അമർഷം പുകഞ്ഞതോടെയാണ് പേരാവൂർ സീറ്റ് നൽകി തോൽവി ഉറപ്പാക്കാൻ നിശ്ചയിച്ചത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ റെക്കോർഡ് ഭൂരിപക്ഷത്തിൽ ശൈലജ വിജയിച്ച മട്ടന്നൂർ മണ്ഡലത്തിൽ ഡി.വൈ.എഫ്.ഐ നേതാവ് വി.കെ. സനോജാണ് സ്ഥാനാർത്ഥി.

സ്ഥാനാർത്ഥി നിർണ്ണയത്തിൽ പിണറായി വഹിക്കുന്ന പങ്ക് ചെറുതല്ല. പ്രതിപക്ഷ നേതാവായിരിക്കെ അഴിമതി, പെൺവാണിഭം, പരിസ്ഥിതി വിഷയങ്ങളിൽ കൂടിയാലോചന നടത്താതെ പാർട്ടിക്ക് മുന്നിൽ നടന്നു എന്നതടക്കം ചൂണ്ടിക്കാട്ടിയാണ് വി.എസ്. മുഖ്യമന്ത്രിയായപ്പോൾ അദ്ദേഹത്തിന് ആഭ്യന്തര വകുപ്പ് നൽകാതിരുന്നത്. അതോടെ പാർട്ടിക്ക് മുകളിൽ ആളില്ലെന്ന വാദത്തിന് ബലമായി. പക്ഷേ തുടർഭരണത്തോടെ പിണറായി പാർട്ടിക്ക് മുകളിലേക്ക് വളരുന്ന കാഴ്ചയാണ് കണ്ടത്. രണ്ടാം ടേമിൽ മന്ത്രിമാരെ മുഴുവൻ

> സി.പി.എമ്മിന്റെ ഭാവി മുഖ്യമന്ത്രിയായി അറിയപ്പെടുന്ന കെ.കെ. ഷൈലജയെ പേരാവൂർ സീറ്റിൽ മത്സരിപ്പിച്ച് തോൽവി ഉറപ്പാക്കാൻ നീക്കം. പിണറായിക്ക് മീതെ ഒരു ഷൈലജയും പറക്കില്ല എന്ന് സ്ഥാപിക്കുകയാണ് ലക്ഷ്യം. മുൻപ് രണ്ട് മുന്നണികളെയും മാറി മാറി പിന്തുണച്ച മണ്ഡലം എന്ന നിലയിൽ പേരാവൂരിൽ ഷൈലജയ്ക്ക് നേരിയ പ്രതീക്ഷയുണ്ട്. ജയിച്ചു വന്നാൽ പാർട്ടിയിൽ കൂടുതൽ ശക്തയാകാമെന്ന കണക്കുകൂട്ടലുമുണ്ട്. പക്ഷേ സുശീല ഗോപാലനുണ്ടായ ദുർവിധിയാണ് ഷൈലജയെയും കാത്തിരിക്കുന്നതെന്നാണ് പിണറായി പക്ഷത്തിന്റെ വിലയിരുത്തൽ.

മാറ്റാനുള്ള തീരുമാനം പിണറായിയുടേതായിരുന്നു. സംഘടനാ രംഗത്ത് 75 വയസ്സ് പ്രായപരിധിയിൽ ഇളവ് ലഭിച്ചതും പിണറായിക്ക് മാത്രം.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ തന്നെക്കാൾ ഭൂരിപക്ഷം നേടിയപ്പോൾ തന്നെ പിണറായി ഷൈലജയെ നോട്ടപ്പുള്ളിയാക്കിയതാണ്. അതിന് മുൻപ് കോവിഡ് കാലത്ത് ഷൈലജ തന്നെ ഓവർ ടേക്ക് ചെയ്യുന്നു എന്നൊരു തോന്നൽ പോലും അദ്ദേഹത്തിനുണ്ടായി. ഷൈലജയ്ക്ക് 'കോവിഡ് റാണി' എന്നൊരു വിശേഷണം ലഭിച്ചതൊന്നും അദ്ദേഹത്തിന് രസിച്ചില്ല. അങ്ങനെയാണ് ദിനംപ്രതി വാർത്താ സമ്മേളനം വിളിച്ചുകൂട്ടി കോവിഡ് നിർമ്മാർജ്ജനത്തിന്റെ ക്രെഡിറ്റ് സ്വയം ഏറ്റെടുത്തത്. പിന്നീട് നടന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ ഷാഫി പറമ്പിലിന് എതിരെ വടകരയിൽ സ്ഥാനാർത്ഥിയാക്കി ഷൈലജയെ തോൽപ്പിച്ചു.

മട്ടന്നൂരിന് പുറത്ത് മത്സരത്തിനില്ലെന്ന നിലപാടിൽ നിന്ന് അയഞ്ഞ് പേരാവൂരിൽ ഇറങ്ങാൻ ഷൈലജ തയ്യാറായിക്കഴിഞ്ഞു. മുൻപ് രണ്ട് മുന്നണികളെയും മാറി മാറി പിന്തുണച്ച മണ്ഡലമാണ് പേരാവൂർ. മണ്ഡലത്തിന്റെ ഈ ചരിത്രമാണ് ശൈലജയ്ക്ക് പ്രത്യാശയേകുന്നത്. ശൈലജയ്ക്ക് രണ്ട് തവണ എന്ന വ്യവസ്ഥയിൽ ഇളവ് അനുവദിച്ചപ്പോൾ സ്പീക്കർ ഷംസീറിനെ പരിഗണിക്കാത്തതും പാർട്ടിക്കുള്ളിൽ ചൂടേറിയ ചർച്ചയ്ക്ക് വിഷയമായിട്ടുണ്ട്. തലശ്ശേരിയിൽ മൂന്നാം ഊഴവും പ്രതീക്ഷിച്ചിരുന്നെങ്കിലും റബ്കോ ചെയർമാൻ കാരായിരാജന്റെ പേരാണ് സ്ഥാനാർത്ഥി പട്ടികയിലുള്ളത്. തളിപ്പറമ്പ് മണ്ഡലത്തിൽ സംസ്ഥാന സെക്രട്ടറി എം. വി ഗോവിന്ദന്റെ ഭാര്യ പി.കെ. ശ്യാമളയെ സ്ഥാനാർത്ഥിയാക്കിയതും മുറുമുറുപ്പിന് ഇടയാക്കിയിട്ടുണ്ട്. പയ്യന്നൂരിൽ ടി.ഐ മധുസൂദനനെ രണ്ടാമതും സ്ഥാനാർത്ഥിയാക്കിയതും അണികളെ ചൊടിപ്പിച്ചു. മധുസൂദനനെ മാറ്റുന്നത് കുഞ്ഞികൃഷ്ണന്റെ ആരോപണങ്ങൾ ശരിവയ്ക്കുന്നതിന് തുല്യമാകുമെന്നതിനാലാണ് പാർട്ടി വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നതിനാലാണ് പാർട്ടി ശക്തമായ തീരുമാനവുമായി മുന്നോട്ടു പോകുന്നത്.



ചീറ്റിപ്പോയ അഭിമുഖം

# പിണറായിയെ കുളിപ്പിച്ച് കുളിപ്പിച്ച് മോഹൻലാൽ

കെ. സന്തോഷ്കുമാർ

ചിരിക്കാത്ത മുഖമുള്ള കാർക്കശ്യക്കാരൻ, എന്ന പേരുദോഷം മാറ്റാൻ അഭിമുഖത്തിലുടനീളം പിണറായി ചിരിച്ചു രസിച്ച് വാചാലനായി. പക്ഷേ ആ മുഖത്ത് സൗമ്യത ഉണ്ടായില്ല. മാനവികതയുടെ പരിവേഷവുമില്ല. ഇല്ലാത്ത ഒരു മുഖം എങ്ങനെ സൃഷ്ടിച്ചെടുക്കാനാണ്? പിണറായി കുളിച്ചാൽ മോഹൻലാലാകുമോ?

മുഖ്യമന്ത്രി പിണറായി വിജയനും സിനിമാ നടൻ മോഹൻലാലും യാതൊരു സമാനതകളുമില്ലാത്ത രണ്ട് വ്യക്തിപ്രഭാവങ്ങൾ. പത്ത് വർഷം കേരളം ഭരിച്ച് ജനരോഷം ഏറ്റുവാങ്ങിയ ഭരണാധികാരിയും അഭിനയ മികവിന്റെ പതിറ്റാണ്ടുകൾ പിന്നിട്ട കേരളത്തിന്റെ പ്രിയ കലാകാരനും. രാഷ്ട്രീയത്തിലെ മോഹൻലാലല്ല പിണറായി വിജയൻ. അതുപോലെ സിനിമയിലെ പിണറായി വിജയനല്ല മോഹൻലാൽ. ഈ സമാന്തര വ്യക്തിത്വങ്ങളെ സമന്വയിപ്പിച്ചത് പിണറായി വിജയന് ഇല്ലാത്ത ഒരു മുഖം കൽപ്പിച്ചു കൊടുക്കാനാണ്. 'വെളുക്കാൻ തേച്ചത് പാണ്ടായി' എന്ന് പറഞ്ഞാൽ മതിയല്ലോ. മിണ്ടിയും പറഞ്ഞും ഇരുവർ എന്ന അഭിമുഖം ഫലത്തിൽ ഒരു പാഴ്‌വേലയാകുന്ന കാഴ്ചയാണ് കണ്ടത്. എങ്ങനെയൊക്കെ കുളിപ്പിച്ചെടുത്താലും കാക്ക കാക്കയും കൊക്ക് കൊക്കും തന്നെയാണ്. കാക്കയ്ക്ക് ഒരിക്കലും കൊക്കാകാനാകില്ല.

'ചിരിക്കാത്ത മുഖമുള്ള കാർക്കശ്യക്കാരൻ' എന്ന പേരുദോഷം മാറ്റാൻ അഭിമുഖത്തിലുടനീളം പിണറായി ചിരിച്ച് രസിച്ച്

വാചാലനായി. 'കടക്ക് പുറത്ത്' എന്ന് പറയുന്ന, മൈക്ക് സെറ്റു കാരനോട് ചൂടാവുന്ന, ചൂരൽ മീൻ തട്ടിക്കളയുന്ന, സെൽഫിക്കാരെ പോലും തള്ളിമാറ്റുന്ന പിണറായി വിജയനല്ല യഥാർത്ഥ പിണറായി എന്ന് വരുത്തിത്തീർക്കാനായിരുന്നു ശ്രമം. സാധാരണ ഗതിയിൽ വ്യക്തി പരമായ ചോദ്യങ്ങളോട് അസഹിഷ്ണുത കാട്ടുന്ന പിണറായി മോഹൻ ലാലിന്റെ ചോദ്യങ്ങൾക്ക് പക്വമായ മറുപടി നൽകി. ജീവിതത്തിൽ താൻ പിന്നിട്ട വഴികൾ വല്ലാത്ത ഗദ്ഗദത്തോടെ അദ്ദേഹം പറഞ്ഞു കൊണ്ടിരുന്നപ്പോൾ മോഹൻലാൽ അന്തംവിട്ടിരുന്നു. പിണറായിയുടെ ഭാവാഭിനയത്തിന് മുന്നിൽ തന്റെ അഭിനയമൊക്കെ എത്രയോ നിസ്സാരമെന്ന് ലാലിന് തോന്നിയിട്ടുണ്ടാകും.

കുടുംബത്തെക്കുറിച്ചും കുട്ടികളെക്കുറിച്ചും കൂട്ടുകാരെക്കുറിച്ചുമുള്ള ചോദ്യങ്ങൾക്ക് ഉള്ളിൽ തട്ടുന്ന രീതിയിൽ മറുപടി പറയുമ്പോൾ വേണ്ടപ്പെട്ടവരോടുള്ള അദ്ദേഹത്തിന്റെ ആഭിമുഖ്യം എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ഈ ആഭിമുഖ്യമാണ് പിണറായിക്ക് എതിരായ പല ആരോപണങ്ങൾക്കുമുള്ള അടിസ്ഥാനം.

ഒരു പാട്ട് പാടാൻ ചിരിച്ചുകൊണ്ട് ആവശ്യപ്പെടുന്ന മോഹൻ ലാലിനോട് അതേ ചിരിയോടെ 'സമയമുണ്ടല്ലോ നമുക്ക് പാടാം'എന്ന് പിണറായി പറയുന്നത് സാധാരണ ഗതിയിൽ അദ്ദേഹത്തിൽ നിന്നും

**അഭിമുഖം അവസാനിക്കുന്നതിന് തൊട്ടുമുമ്പ് പിണറായിയുടെ പാട്ട് കേൾക്കാൻ മോഹൻലാൽ ചെവി കൂർപ്പിച്ചു. ഉപനിഷത്തിൽ നിന്നുള്ള നാല് വരികളാണ് അദ്ദേഹം ചൊല്ലിക്കേൾപ്പിച്ചത്. ഇവിടെ സനാതന ധർമ്മത്തോടുള്ള തന്റെ പ്രതിബദ്ധത അദ്ദേഹം വെളിപ്പെടുത്തുകയായിരുന്നു. അമ്മയ്ക്ക് രാമായണകഥ പറഞ്ഞു കൊടുത്തതും ഓർമ്മിപ്പിക്കുന്നു. തന്നിൽ ഒരു സന്യാസിയുണ്ടെന്ന് വരെ പറഞ്ഞു വച്ചു. താൻ ഒരു ഹൈന്ദവ പക്ഷക്കാരനാണെന്ന് ഭംഗ്യന്തരേണ അദ്ദേഹം വോട്ടർമാരെ ബോധ്യപ്പെടുത്തുകയായിരുന്നു. ഇതാണല്ലോ ഇടതുപക്ഷത്തിന്റെ അടവുനയം.**

ഉണ്ടാകുന്ന മറുപടിയല്ല. ഒടുവിൽ അഭിമുഖം അവസാനിക്കുന്നതിന് തൊട്ടുമുമ്പ് മോഹൻലാൽ പാട്ടിന്റെ കാര്യം വീണ്ടും ഓർമ്മിപ്പിച്ചപ്പോൾ ഉപനിഷത്തിൽ നിന്നുള്ള നാല് വരികളാണ് അദ്ദേഹം ചൊല്ലിക്കേൾപ്പിക്കുന്നത്. ആ വരികളുടെ അർത്ഥവും അദ്ദേഹം മനസ്സിലാക്കിക്കൊടുക്കുന്നു. ഇവിടെ സനാതന ധർമ്മത്തോടുള്ള തന്റെ ആഭിമുഖ്യം അദ്ദേഹം വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. അഭിമുഖത്തിന്റെ തുടക്കത്തിൽ അമ്മ തച്ചോളി പാട്ടുകൾ പാടിത്തന്നതും പകരം താൻ രാമായണകഥ പറഞ്ഞു കൊടുത്തതുമെല്ലാം അദ്ദേഹം പരാമർശിച്ചു പോകുന്നുണ്ട്. തന്നിൽ ഒരു സന്യാസിയുണ്ടെന്നു വരെ പറഞ്ഞുവെച്ചു. ഇതൊന്നും യാദൃച്ഛികമായി നാവിൽ നിന്നും വീണുപോയതല്ല. വളരെ ആസൂത്രതമായി ബോധപൂർവ്വം തട്ടിവിട്ടതാണ്. താൻ ഒരു ഹൈന്ദവ പക്ഷക്കാരനാണെന്ന് വോട്ടർമാരെ അറിയിക്കാൻ. അതാണല്ലോ ഇപ്പോഴത്തെ തെരഞ്ഞെടുപ്പിലെ ഇടതപക്ഷത്തിന്റെ അടവുനയം. ഉപനിഷത്ത് അല്ലാതെ മാർക്സിയൻ തത്വങ്ങളൊന്നും അദ്ദേഹം പ്രയോഗിക്കുന്നില്ല. അഭിമുഖത്തിൽ നിന്ന് ഒരിടത്തും പത്ത് വർഷം പൂർത്തിയാക്കിയ തന്റെ സർക്കാരിന്റെ നേട്ടങ്ങൾ അദ്ദേഹം വിളമ്പുന്നില്ല.

തെരഞ്ഞെടുപ്പ് ലാക്കാക്കിയുള്ള കമ്മ്യൂണിസ്റ്റ് നേതാവിന്റെ ഹൃദയത്തിനകത്ത് കടന്ന് പിണറായി എന്ന പച്ചയായ മനുഷ്യനെ പുറത്തേക്ക് പിടിച്ചു കൊണ്ടുവരാനുള്ള ദൗത്യം മാത്രമാണ് മോഹൻലാലിനെ ഏൽപ്പിച്ചിരുന്നത്. അദ്ദേഹം അത് തന്റേതായ രീതിയിൽ ആ ദൗത്യം പൂർത്തിയാക്കുകയും ചെയ്തു. മുഖ്യമന്ത്രി തന്നെ ആമുഖമായി തുറന്നടിക്കുന്നുണ്ട്. 'ഞാനൊരു രാഷ്ട്രീയ സൈദ്ധാന്തികനോ ബുദ്ധിജീവിയോ ഒന്നുമല്ല, കേവലം ഒരു സാധാരണ രാഷ്ട്രീയ പ്രവർത്തകൻ മാത്രം.'

ഒരു സാധാരണ രാഷ്ട്രീയ പ്രവർത്തകന്റെ ചിത്രമാണ് ലക്ഷ്യമിട്ടത്. പക്ഷേ ചിത്രം വരച്ചു കഴിഞ്ഞപ്പോൾ സൗമ്യമായ മുഖമില്ല. മാനവികതയുടെ പരിവേഷമില്ല. ഇല്ലാത്ത ഒരു മുഖം എങ്ങനെ സൃഷ്ടിച്ചെടുക്കാനാകും? പിണറായിയുടെ സംഭാഷണത്തിൽ ഏറ്റവും വിചിത്രമായി തോന്നിയത് തന്റെ ജീവിതത്തിൽ സന്യാസത്തിന്റെ അംശങ്ങളുണ്ടായേക്കാം എന്ന പരാമർശമാണ്. വല്ലാത്തൊരു തള്ള് തന്നെയാണിത്. ടി.പി.ചന്ദ്രശേഖരന്റെ ശരീരത്തിലേക്ക് 54 വെട്ടുകൾ, ബിരിയാണി ചെമ്പിന്റെ കഥയും, ശബരിമലയിലെ സ്വർണ്ണ കവർച്ചക്കാർക്ക് രക്ഷാമാർഗ്ഗം ഒരുക്കിയതുമൊക്കെ ആലോചിക്കുമ്പോൾ ഈ സന്യാസിയെ കൈകൂപ്പി തൊഴുതുപോകും. ക്രൈസ്തവ പുരോഹിതന്മാരെ നികൃഷ്ട ജീവികളെന്നും സഹപ്രവർത്തകരെ കുലംകുത്തികളെന്നും വിളിക്കാൻ ഒരു സന്യാസിക്ക് കഴിയുമോ?

എന്തായാലും ഒരു തമാശ പടം അഭിനയിച്ചു തീർത്ത ലാഘവത്തോടെയായിരിക്കണം മോഹൻലാൽ ഈ അഭിമുഖത്തെ കണ്ടത്. പക്ഷേ ഈ ഷൂട്ടിംഗിന്റെ ഫീസായ 10 കോടി രൂപ ഈ സർക്കാരിന്റെ കാലത്ത് കിട്ടില്ല എന്ന കാര്യം ഉറപ്പാണ്.

**ചിരിക്കാത്ത മുഖമുള്ള കാർക്കശ്യക്കാരൻ, എന്ന പേരുദോഷം മാറ്റാൻ അഭിമുഖത്തിലുടനീളം പിണറായി ചിരിച്ചു രസിച്ച് വാചാലനായി. പക്ഷേ ആ മുഖത്ത് സൗമ്യത ഉണ്ടായില്ല. മാനവികതയുടെ പരിവേഷവുമില്ല. ഇല്ലാത്ത ഒരു മുഖം എങ്ങനെ സൃഷ്ടിച്ചെടുക്കാനാണ്? പിണറായി കുളിച്ചാൽ മോഹൻലാലാകുമോ?**



പുതുയുഗപ്പിറവിക്ക് ഇനി ആഴ്ചകൾമാത്രം

# എൽ.ഡി.എഫ് പോകും എല്ലാം ശരിയാകും

വർഗ്ഗീസ് ജോസഫ്



**യു.ഡി.എഫിന്റെ പുതുയുഗയാത്ര തിരുവനന്തപുരത്ത് സമാപിക്കുമ്പോൾ രാഷ്ട്രീയ കേരളത്തെ ഉഴുതുമറിച്ച അനുഭവം. യാത്രയെ വരവേൽക്കാൻ ഗ്രാമങ്ങളിലും നഗരങ്ങളിലും ഒഴുകിയെത്തിയ ജനസഹസ്രങ്ങൾ ഒരേ സ്വരത്തിൽ പറയുന്നു. എൽ.ഡി.എഫ് പോകും, എല്ലാം ശരിയാകും... എൽ.ഡി.എഫ് സർക്കാർ എവിടെയെല്ലാം തകർത്തു തരിപ്പണമാക്കിയോ അതെല്ലാം പുനരുജ്ജീവിപ്പിക്കാൻ യു.ഡി.എഫ് പ്രതിജ്ഞാ ബദ്ധമായിക്കഴിഞ്ഞു. പുതുയുഗ പിറവിക്ക് ഇനി ആഴ്ചകൾ മാത്രമെ അവശേഷിക്കുന്നുള്ളൂ.**

യു.ഡി.എഫിന്റെ പുതുയുഗ യാത്ര ഫെബ്രുവരി 6ന് കാസർഗോട്ട് നിന്ന് തുടങ്ങി മാർച്ച് 7ന് തിരുവനന്തപുരത്ത് സമാപിക്കുമ്പോൾ കേരളമാകെ രാഷ്ട്രീയമായി ഉഴുതുമറിച്ച അനുഭവം. ഗ്രാമങ്ങളിലും നഗരങ്ങളിലും ഒഴുകിയെത്തിയ ജനസഹസ്രങ്ങളെ സാക്ഷിയാക്കി പറയട്ടെ.. എൽ.ഡി.എഫ് പോകും. എല്ലാം ശരിയാകും.

121 പൊതു സമ്മേളനങ്ങളും എല്ലാ ജില്ലകളിലും സംവാദങ്ങളുമായി 21 ദിവസം നീണ്ട യാത്ര പല പുതുമകൾകൊണ്ടും ചരിത്ര സംഭവം തന്നെയായി മാറി. സംവാദത്തിൽ ഉയർന്നുവന്ന പല ആശയങ്ങളും യു.ഡി.എഫ് അധികാരത്തിൽ വന്നാൽ നടപ്പാക്കുമെന്ന് യാത്രയ്ക്ക് നേതൃത്വം നൽകിയ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജോബ് വാച്ച് ടവർ എന്ന ആശയം നടപ്പിലാക്കും. ആഗോളതലത്തിൽ വിദ്യാഭ്യാസവും തൊഴിലും മാറുന്നതനുസരിച്ചുള്ള മാറ്റങ്ങൾ കേരളത്തിൽ കൊണ്ടുവരാനാണ് യു.ഡി.എഫ് ശ്രമം. ഈ ആശയത്തിന് അനുസൃതമായി കാലത്തിന് യോജിച്ച കോഴ്സുകൾ കേരളത്തിൽ നടപ്പിലാക്കും.

സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ 24 മണിക്കൂറിനകം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നത് നിർബന്ധമാക്കും. സ്പോർട്ട്സ് കൗൺസിലുകളുടെ മറവിൽ നടക്കുന്ന പിൻവാതിൽ നിയമനങ്ങൾ പൂർണ്ണമായും അവസാനിപ്പിക്കും. കായിക മേഖലയിലേയ്ക്ക് യുവതലമുറയെ ആകർഷിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും.

മൂല്യവർധിത ഉത്പന്നങ്ങളിലൂടെ പരമ്പരാഗത വ്യവസായങ്ങളെ ശാസ്തീകരിക്കും. തിരുവനന്തപുരത്ത് നടന്ന സംവാദത്തിൽ സാംസ്കാരിക പ്രവർത്തകർ, ഓട്ടോറിക്ഷ -ടാക്സി ഡൈവർമാർ അംഗണവാടി അധ്യാപകർ, ഹെൽപ്പർമാർ, പി.എസി.സി. റാങ്ക്ഹോൾഡേഴ്സ്, വിദ്യാർത്ഥികൾ ബ്ലൈൻഡ് ഫെഡറേഷൻ, തോട്ടം തൊഴിലാളികൾ, പനകയറ്റം തൊഴിലാളികൾ, സംരംഭകർ തുടങ്ങി 41 മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

ഭൂരിപക്ഷ വർഗ്ഗീയതയും ന്യൂനപക്ഷ വർഗ്ഗീയതയും വേണ്ടെന്ന് നിലപാടാണ് യു.ഡി.എഫിന്റേത്. വോട്ട് ബാങ്ക് കയ്യിൽ വച്ചോ. വർഗ്ഗീയത വേണ്ട. അതിൽ യാതൊരു മാറ്റവുമില്ല. സംഘപരിവാറിന്റെ അതേ വർഗ്ഗീയ പാതയിൽ തന്നെയാണ് സി.പി.എമ്മും. തീക്കൊള്ളി കൊണ്ടാണ് ഇവർ തല ചൊറിയുന്നത്. വർഗ്ഗീയ വാദികൾക്ക് സി.പി.എം. പന്തം കൊളുത്തി കൊടുക്കുന്നു.

ഇൻഡ്യയിൽ ഏറ്റവും വിലക്കയറ്റമുള്ള സംസ്ഥാനമായി കേരളം മാറിയിട്ടും കേരളം ഇടപെട്ടിട്ടില്ല. ആശുപത്രികളിൽ മരുന്നില്ല. വൈദ്യുതി ബോർഡ് കടക്കെണിയിലായി. 4000 കോടി കടത്തിലാണ് വാട്ടർ അതോറിറ്റി. സർക്കാർ ജീവനക്കാർക്ക് ഒരു ലക്ഷം കോടി നൽകാനുണ്ട്.

ഉമ്മൻചാണ്ടി തുടങ്ങിയിടത്താണ് വിഴിഞ്ഞം ഇപ്പോഴും നിൽക്കുന്നത്. ശബരിമലയിലെ സ്വർണ്ണം കട്ടതല്ലാതെ മറ്റ് നേട്ടമൊന്നും സർക്കാരിനല്ല. എല്ലാ മേഖലകളും തകർന്ന് തരിപ്പണമായി. ഈ സർക്കാർ കേരളത്തെ എവിടെയെല്ലാം തകർത്തോ അതെല്ലാം പുനരുജ്ജീവിപ്പിക്കുമെന്ന് പുതുയുഗ യാത്രയിൽ യു.ഡി.എഫ് നേതാക്കൾ പ്രഖ്യാപിച്ചു. തെരഞ്ഞെടുപ്പ് കഴിയുന്നതോടെ പുതുയുഗത്തിന് തുടക്കമാകും.



ആരോഗ്യ മന്ത്രിയുടെ
അസംബന്ധ നാടകം -
കഴുത്തുളുക്ക്



കെ.പി ഹരിദാസ്

# തിരക്കഥ – ഷംസീർ
# ക്യാമറ – ഗോവിന്ദൻ
# സംവിധാനം – പിണറായി

എ.എൻ. ഷംസീർ തിരക്കഥയെഴുതി എം.വി. ഗോവിന്ദന്റെ ഛായാഗ്രഹണത്തിൽ പിണറായി വിജയൻ സംവിധാനം ചെയ്ത അസംബന്ധ നാടകത്തിനൊടുവിൽ തളർന്നു വീഴുകയാണ് നായിക. പ്രതിഷേധക്കാരുടെ കൈയ്യിൽ ആയുധങ്ങൾ ഇല്ലായിരുന്നുവെന്നും അവർ ആരെയും ആക്രമിച്ചിട്ടില്ലെന്നും പോലീസ് വെട്ടിത്തുറന്നു പറഞ്ഞു. സംഭവിച്ചതെല്ലാം വെറും നാടകമായിരുന്നെന്ന് പോലീസ് പറയാതെ പറഞ്ഞിട്ടും നായിക ഇപ്പോഴും അഭിനയം തുടരുന്നു. കൊച്ചു വെളുപ്പാൻ കാലത്ത് ഐ.സി.യുവിൽ നിന്ന് എടുത്തു ചാടി കിട്ടിയ വണ്ടിയിൽ കയറി സ്വന്തം ജീവൻ രക്ഷിക്കാനുള്ള വ്യഗ്രതയിലായിരുന്നു നായിക എന്താണ് അവിടെ സംഭവിച്ചത് ഈ പാർട്ടിയെക്കുറിച്ച് നിങ്ങൾക്ക് ഒരു ചുക്കുമറിയില്ല





സ്പീക്കർ ഷംസീർ തിരക്കഥ എഴുതി പിണറായി വിജയൻ സംവിധാനം ചെയ്ത കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ അവതരിപ്പിച്ച അസംബന്ധ നാടകത്തിനൊടുവിൽ വീണു പോയത് മന്ത്രി വീണാ മാത്രം. ഇപ്പോൾ വീണയോടൊപ്പം പാർട്ടിയോ ഭരണമോ ഇല്ല. ആറന്മുളയിലെ സ്ഥാനാർത്ഥിത്വവും അവതാളത്തിലായി. ഇരയായി നടിച്ച് ഒടുവിൽ പ്രതിയായ കഥയാണ് വീണയുടേത്. നാടകത്തിനൊടുവിൽ രായ്ക്കുരാമാനം കൊച്ചുവെളുപ്പാൻ കാലത്ത് ഐ.സിയുവിൽ നിന്ന് എടുത്ത് ചാടി കിട്ടിയ വണ്ടിയിൽ കയറി വീട് പറ്റുകയായിരുന്നു. ജീവൻ രക്ഷിക്കാനുള്ള നെട്ടോട്ടം. ഈ പാർട്ടിയെകുറിച്ച് നിങ്ങൾക്ക് ഒരു ചുക്കുമറിയില്ല.

നട്ടാൽ കുരുക്കാത്ത പച്ചക്കള്ളം പറഞ്ഞ് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ഒരു അസംബന്ധ നാടകം കെട്ടിയാടിയ വീണ ജോർജ്ജ് ഇപ്പോൾ നാട്ടിലും വീട്ടിലും സ്വന്തം പാർട്ടിയിൽ പോലും ഒറ്റപ്പെട്ട അവസ്ഥയിലാണ്. നാടകത്തിന് തിരക്കഥയൊരുക്കിയ എ.എൻ. ഷംസീറും സംവിധാനം നിർവ്വഹിച്ച പിണറായി വിജയനുമൊക്കെ ഇപ്പോൾ കലിപ്പിലുമാണ്. ആറന്മുള മണ്ഡലത്തിൽ ജില്ലാ കമ്മിറ്റിയും സംസ്ഥാന കമ്മിറ്റിയും നിർദ്ദേശിച്ച ഏക സ്ഥാനാർത്ഥി വീണയാണെങ്കിലും മാറിയ പരിത സ്ഥിതിയിൽ അവർ പുനർചിന്ത തുടങ്ങിയിട്ടുണ്ട്. വീണ മത്സരിച്ചാൽ എട്ടുനിലയിൽ പൊട്ടും എന്നാണ് പ്രാദേശിക നേതാക്കൾ ഒരേ സ്വരത്തിൽ പറയുന്നത്. സ്വന്തം ഭർത്താവ് പോലും വീണയെ വീണ്ടും മത്സരിപ്പിക്കരുതെന്ന് പാർട്ടിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ ഒരു ദിവസത്തെ അസംബന്ധ നാടകം വീണയുടെ രാഷ്ട്രീയ ഭാവിയിൽ കരിനിഴൽ വീഴ്ത്തിയിരിക്കുകയാണ്.

വീണ സംസ്ഥാന കമ്മിറ്റിയിലെ ക്ഷണിതാവായതിനാൽ മത്സരിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുക്കേണ്ടത് സംസ്ഥാന നേതൃത്വമാണ്. കുടുംബപരമായ പ്രശ്നങ്ങൾ മുൻനിർത്തിയാണ് വീണയെ മത്സരിപ്പിക്കരുതെന്ന് ആവശ്യപ്പെടുന്നതെന്ന് ഭർത്താവ് ജോർജ്ജ് ജോസഫ് പത്തനംതിട്ട ജില്ലാ നേതാക്കളെ അറിയിച്ചത്. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും കേന്ദ്രകമ്മിറ്റി അംഗവുമായ ഡോ. തോമസ് ഐസക് ഇക്കാര്യം സംസ്ഥാന നേതൃത്വത്തിലേക്ക് റിപ്പോർട്ട് ചെയ്തു. വീണയോടും ഭർത്താവിനോടും ചോദിച്ചു നിജസ്ഥിതി അറിയാനുള്ള നീക്കം സംസ്ഥാന നേതൃത്വത്തിൽ നിന്നുണ്ടാകും. വീണ മത്സരിക്കാനുള്ള സാധ്യത മങ്ങുകയാണ്.

പിണറായിയുടെ രണ്ടാം ഊഴത്തിൽ കെ.കെ. ഷൈലജയെ നിഷ്ക്കരുണം ഒഴിവാക്കിയാണ് വീണ ജോർജ്ജിനെ ആരോഗ്യ മന്ത്രിയാക്കിയത്. പക്ഷേ ശൈഷജയുടെ ഒരു നിഴലാകാൻ പോലും വീണയ്ക്ക് കഴിഞ്ഞില്ല. അഞ്ചു വർഷം പൂർത്തിയാകുമ്പോൾ ആരോഗ്യ മേഖല കുത്തഴിഞ്ഞ ഒരു പുസ്തകം പോലെയായി. ഒട്ടേറെ അപഖ്യാതികളുണ്ടായി. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഞ്ചു വർഷം മുൻപ് നടന്ന ശസ്ത്രക്രിയയ്ക്കിടെ പുന്നപ്ര സ്വദേശിയായ യുവതിയുടെ വയറ്റിൽ കത്രിക മറന്നു വെച്ചതായി കണ്ടെത്തി. 2017-ൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രസവശസ്ത്രക്രിയയ്ക്കിടെ വയറ്റിൽ കത്രിക കുടുങ്ങിയ ഹർഷിനയുടെ വിഷമതകൾ ഇനിയും അവസാനിച്ചിട്ടില്ല. കഴിഞ്ഞ വർഷം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കെട്ടിടം തകർന്ന് ഒരാൾ മരിച്ച സംഭവമുണ്ടാക്കിയ നാണക്കേട് ചില്ലറയല്ല. കഴിഞ്ഞ നവംബറിൽ താലൂക്ക് ആശുപത്രിയിൽ നിന്നും റഫർ ചെയ്ത കൊല്ലം പത്മന സ്വദേശിയായ ആട്ടോറിക്ഷ ഡ്രൈവർ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ദിവസങ്ങളോളം ചികിത്സ ലഭിക്കാതെ മരിച്ച സംഭവം ഞെട്ടലുണ്ടാക്കുന്നതായിരുന്നു. ഇതേ ആശുപത്രിയിലെ ന്യൂറോളജി വിഭാഗം ഡോക്ടറായ ഹാരിസ് ചിറയ്ക്കൽ ഉപകരണങ്ങളുടെ അഭാവം കാരണം ശസ്ത്രക്രിയകൾ മുടങ്ങുന്നതിനെപ്പറ്റി വേവലാതിയോടെ സാമൂഹിക മാധ്യമത്തിൽ കുറിച്ചത് വാർത്തകളുടെ ഇടിമുഴക്കം സൃഷ്ടിച്ചതും കഴിഞ്ഞ വർഷമാണ്.

ഡോ. ഹാരിസ് ചൂണ്ടിക്കാണിച്ച പിഴവുകൾ സിസ്റ്റത്തിലെ തകരാറാണെന്നാണ് ആരോഗ്യ മന്ത്രി വീണ ജോർജ്ജ് അന്ന് പ്രതികരിച്ചത്. ചെറുതും വലുതുമായ സംഭവങ്ങൾ അടിക്കടിയിങ്ങനെ ഉണ്ടായിട്ടും സിസ്റ്റത്തിലെ തകരാറുകൾ വെളിപ്പെടുത്തുന്നുണ്ടെന്നത് കാണാതിരിക്കാനാവില്ല. തകരാറുകൾ പരിഹരിച്ചും പുഴുക്കുത്തുകൾ തൂത്തെറിഞ്ഞും സിസ്റ്റത്തെ കാര്യക്ഷമവും ആർദ്രവുമാക്കുക എന്നതാണ് ഭരണകൂടം ഏറ്റെടുക്കേണ്ട വെല്ലുവിളി. ആരോഗ്യ മന്ത്രി എന്ന നിലയിൽ ആ ഉത്തരവാദിത്തം നിറവേറ്റുന്നതിന് പകരം പ്രകോപനങ്ങൾ സൃഷ്ടിച്ച് ജനസമക്ഷം സ്വയം അപഹാസ്യയാകുകയായിരുന്നു.

കോഴിക്കോട് ഐ.സി.യുവിൽ കിടന്ന ഒരു രോഗിയെ പീഡിപ്പിച്ചത് ആശുപത്രി സ്റ്റാഫും അവിടുത്തെ യൂണിയന്റെ നേതാവുമായ ഒരു മാന്യനായിരുന്നു. ഇയാൾക്കെതിരെ ഒരു നടപടിയും എടുത്തില്ല എന്ന് മാത്രമല്ല മന്ത്രി അയാളെ ഇപ്പോഴും സംരക്ഷിക്കുകയും ചെയ്യുന്നു. വീണ ജോർജ്ജിന്റെ കപടമായ മുഖപടങ്ങൾ ഒന്നൊന്നായി അഴിഞ്ഞുവീണുകൊണ്ടിരിക്കുന്നു.

കൊട്ടാരക്കരയിൽ ആശുപത്രിയിൽ വച്ച് വന്ദന ദാസ് എന്ന യുവ ഡോക്ടർ കൊല്ലപ്പെട്ടപ്പോൾ മന്ത്രി പറഞ്ഞത് വന്ദനയുടെ പരിചയക്കുറവ് കൊണ്ടാണ് മരണം സംഭവിച്ച ദുരന്തമാണെന്നാണ്. അവിടെ കുറ്റവാളികളായ ജീവനക്കാരെ പ്രതിരോധിക്കുന്ന ആരോഗ്യ മന്ത്രിയെയാണ് ജനം കണ്ടത്. യുവ ഡോക്ടറുടെ ജീവന് ഒരു വിലയും കല്പിച്ചില്ല.

കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ കേവലം അഞ്ച് കെ.എസ്.യുക്കാരുടെ കരിങ്കൊടി പ്രകടനം കണ്ട് അസഹിഷ്ണുവായ വീണ അലമുറയിട്ട് ആക്രോശിക്കുന്ന അംഗം കേരള ജനത കണ്ടതാണ്. ഈ ഇല്ലാകഥ ചമച്ച് സംഭവത്തെ വഴിതിരിച്ച് വിടാനുള്ള ശ്രമം വിഫലമായപ്പോൾ രായ്ക്കുരാമാനം ഐ.സിയുവിൽ നിന്നും ചാടി






**ഇരയാകാൻ അഭിനയിച്ച് ഒടുവിൽ പ്രതിയായ കഥയാണ് വീണ ജോർജ്ജിന്റേത്. ഈ കേസ്സിൽ ഒന്നാം പ്രതി വീണ തന്നെയാണ്. രണ്ടാം പ്രതി ഷംസീറും മൂന്നാം പ്രതി എം.വി. ഗോവിന്ദനും വീണയുടെ കൈപിടിച്ചൊടിച്ചു എന്ന് പറഞ്ഞ ഗോവിന്ദനെയും പിടലിക്ക് പിടിച്ചു തള്ളി എന്ന് പറഞ്ഞ ഷംസീറിനെയും പോലീസ് ചോദ്യം ചെയ്യണം. ഒന്നാം പ്രതി വീണയെ ഉടൻ അകത്താക്കണം.**

മണിക്കൂറുകളോളം യാത്രചെയ്ത് തടഞ്ഞ അരാജകവാദി കൂടിയായ വീണയെ ജനം കണ്ടതാണ്. ഒരു വലിയ അപകടത്തിൽ നിന്നും ആളുകൾ അത്ഭുതകരമായി രക്ഷപ്പെട്ടതിനെ വഴിതിരിച്ചു വിടാനുള്ള ശ്രമം വിഫലമായപ്പോൾ രായ്ക്കുരാമാനം  ഐ.സി.യുവിൽ നിന്നും ചാടി മണിക്കൂറുകളോളം യാത്ര ചെയ്ത് പത്തനംതിട്ട വസതിയിൽ അഭയം പ്രാപിക്കുകയായിരുന്നു. ഒരസംബന്ധനാടകത്തിന്റെ അതി ദയനീയമായ അന്ത്യമാണ് കേരളം കണ്ടത്.

ഇരയാകാൻ അഭിനയിച്ച് ഒടുവിൽ പ്രതിയായ കഥയാണ് വീണ ജോർജ്ജിന്റേത്. ഈ കേസ്സിൽ ഒന്നാം പ്രതി വീണ തന്നെയാണ്. രണ്ടാംപ്രതി ഷംസീറും മൂന്നാം പ്രതി എം.വി. ഗോവിന്ദനും വീണയുടെ കൈപിടിച്ചൊടിച്ചു എന്ന് പറഞ്ഞ ഗോവിന്ദനെയും പിടലിക്ക് പിടിച്ചു തള്ളി എന്ന് പറഞ്ഞ ഷംസീറിനെയും പോലീസ് ചോദ്യം ചെയ്യണം. ഒന്നാം പ്രതി വീണയെ ഉടൻ അകത്താക്കണം. കള്ളക്കഥയുടെ പേരിൽ നാടാകെ അക്രമം നടത്തിയവരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കണം വീണയ്ക്ക് പരിക്ക് പറ്റിയെ ങ്കിൽ അന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന സകല പോലീസുകാരെയും സസ്പെൻഡ് ചെയ്യണം.

സത്യസന്ധതയും ധാർമ്മിക ചിന്തയും നാല് അയലത്തുകൂടി പോയിട്ടില്ലാത്തവ രോട് ഇതൊന്നും പറഞ്ഞിട്ട് കാര്യമില്ല. അവർ ചെയ്തത് എന്താണോ? അഞ്ച് കെ.എസ്.യു വിദ്യാർത്ഥികളെ ജയിലിലടച്ച് റിമാന്റ് ചെയ്തു. അവർക്കെതിരായ പ്രഥമ വിവര റിപ്പോർട്ട് നോക്കുക 'കറുത്ത കൊടികളുമായി മുദ്രാവാക്യം മുഴക്കി കൊല്ലെടാ എന്ന് ആക്രോശിച്ച് ഏതോ മാരകായുധം കൊണ്ട് ചാടി വീണ് മന്ത്രിയുടെ കഴുത്തിന് ആക്രമിച്ചു. ഇതെഴുതിയ യജമാനന്റെ ഭാവനാ വിലാസം അപാരം തന്നെ. ഈ സർഗ്ഗസൃഷ്ടി രചിച്ചയാൾക്ക് സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം തന്നെ നൽകേണ്ടതാണ്. ഈ കെ.എസ്.യുക്കാർ ഉൾപ്പെടെ ആയിരം നിരപരാധികൾ ശിക്ഷിക്കപ്പെട്ടോട്ടെ. പക്ഷേ നമ്മുടെ പാർട്ടിക്കാരായ കുറ്റവാളികളാരും ശിക്ഷിക്കപ്പെടരുത്. എന്തായാലും വീണ് വീട് പറ്റിയത് നന്നായി. പൂർണ്ണ ആരോഗ്യവതിയായ വീണ സംസാരശേഷി നഷ്ടപ്പെട്ട് ശിഷ്ടകാലം വീൽ ചെയറിലും കിടക്കയിലും കഴിയേണ്ടി വരുമെന്ന് മനസ്സിലാക്കിയപ്പോഴായിരിക്കണം നേരം പുലരും മുമ്പ് ആരോരുമറിയാതെ ഇരുട്ടിന്റെ മറവിൽ ഓടി പുറത്തുചാടി കിട്ടിയ വണ്ടിയിൽ കയറി വീട്ടിലെത്തിയത്. ഐ.സി.യു വിലാണെന്ന ബോധം പോലും അപ്പോഴുണ്ടായിക്കാണില്ല. ജീവനും കൊണ്ടാടുകയായിരുന്നല്ലോ.

ഈ പാർട്ടിയെക്കുറിച്ച് നിങ്ങൾക്ക് ഒരു ചുക്കുമറിയില്ല.

ഇന്ത്യൻ തൊഴിലാളി

# ജില്ലാതല ലേഖകൻമാർ



**SETHUMADHAVAN KOTTAKKAL**
Malappuram



**ANANTHAPURI MANIKANDAN**
Thiruvananthapuram
Ph: 9447552056
email-mkananthapuri@gmail.com



**AJIN P VARGHESE**
Pathanamthitta
Ph:9020573948
email- ajin.varghese9@gmail.com



**R PUSHKARAN**
Pathanamthitta
Ph: 9446116662



**VENUGOPALAN K.P**
Kannur
Ph: 854719961



**YOOSAF SHAJI**
Malappuram
Ph: 8590800100

## ലീഡറുടെ പടയോട്ടങ്ങൾ ഓർക്കുക

ഈ തെരഞ്ഞെടുപ്പ് കാലത്ത് ലീഡറുടെ പടയോട്ടങ്ങൾ ഓർമ്മിപ്പിച്ചതിന് നന്ദി. ഇതുപോലെ പഴയകാലത്തെ മറ്റ് ലീഡർമാരുടെ പടയോട്ടങ്ങൾ തുടർന്നുള്ള ലക്കങ്ങളിൽ കാണാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പി. ജോസഫ് മാർട്ടിൻ, നെയ്യാറ്റിൻകര**

## കമ്മ്യൂണിസ്റ്റുകൾ കരിങ്കാലികളാകുന്ന കാലം

കമ്മ്യൂണിസ്റ്റുകൾ കരിങ്കാലികളാകുന്ന ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. അധികാരം കയ്യിലുള്ള കമ്മ്യൂണിസ്റ്റുകൾ സ്വേച്ഛാധിപതികളേക്കാൾ അപകടകാരികളാണെന്ന് അനുഭവത്തിലൂടെ നമ്മൾ അറിഞ്ഞു കഴിഞ്ഞു. അടിസ്ഥാന വർഗ്ഗമായ ആശാപ്രവർത്തകരുടെ സമരം പൊളിക്കാൻ സർക്കാരും പാർട്ടിയും കാട്ടിക്കൂട്ടിയ കോപ്രായങ്ങൾ ഒരു പ്രബുദ്ധ ജനതയ്ക്ക് വച്ചുപൊറുപ്പിക്കാൻ കഴിയുന്നതില്ല.

ഇടതുപക്ഷം കരിങ്കാലികളായ ഒരു പതിറ്റാണ്ടിന്റെ കഥപറഞ്ഞ ബിന്ദു കൃഷ്ണയ്ക്ക് അഭിനന്ദനങ്ങൾ.

**ആശലത, വൈക്കം**

## സി.പി.എം തിരുത്തൽവാദികളുടെ പിടിയിലോ?

'നേതൃത്വത്തെ അണികൾ തിരുത്തിത്തുടങ്ങി' എന്ന പ്രദീപ് മേനോന്റെ ലേഖനം അച്ചട്ടായി. 'അച്ചട്ട്' എന്ന വാക്ക് അല്പം അന്ധവിശ്വാസം പേറുന്ന വാക്കാണ്. പക്ഷേ ആ ലേഖനം വന്നതിന് ശേഷമുള്ള സി.പി.എമ്മിലെ സംഭവവികാസങ്ങൾ വിലയിരുത്തുമ്പോൾ അച്ചട്ടായി എന്ന വാമൊഴി പ്രയോഗമാണ് അന്വർത്ഥമെന്ന് തോന്നുന്നു.

കെ. കുഞ്ഞികൃഷ്ണന്റെ 'നേതൃത്വത്തെ അണികൾ തിരുത്തണം' എന്ന പുസ്തകത്തെ പരിചയപ്പെടുത്തുമ്പോഴാണ് സി.പി.എമ്മിൽ തിരുത്തൽ തുടങ്ങി എന്ന് സൂചിപ്പിക്കുന്ന ഒരു തലക്കെട്ട് മേനോൻ പ്രയോഗിച്ചത്. സ്ഥാനാർത്ഥി പട്ടികയെച്ചൊല്ലി എല്ലാ ജില്ലാ കമ്മിറ്റികളിലും വിവാദം കൊഴുക്കുമ്പോൾ തിരുത്തൽ അനിവാര്യം തന്നെയായി മാറുന്നു ഉന്നത നേതാക്കന്മാർ മത്സരിക്കേണ്ട സീറ്റുകളുടെ കാര്യത്തിൽ അണികൾ നേതൃത്വത്തെ തിരുത്താൻ തുടങ്ങി എന്നാണ് ഏറ്റവും ഒടുവിലത്തെ വാർത്താ ബുള്ളറ്റിനുകൾ സൂചിപ്പിക്കുന്നത്.

മേനോന്റെ ദീർഘദൃഷ്ടിയെ അഭിനന്ദിക്കുന്നു. ഇനിയും ഇത്തരം ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

**ബേബി കൊട്ടാരക്കര**

ആനന്ദബോസ് ഔട്ടാകാൻ കാരണം





വി.പി ജോർജ്

# മമതയോടുള്ള മമത

ബംഗാളിലെ നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായിട്ടുള്ള രാഷ്ട്രീയ ഒരുക്കങ്ങളുടെ ഭാഗമായാണ് കേന്ദ്രം സംസ്ഥാന ഗവർണ്ണർ പദവിയിൽ നിന്നും ആനന്ദബോസിനെക്കൊണ്ട് രാജി വെയ്പ്പിച്ചത്. മുഖ്യമന്ത്രി മമതാ ബാനർജിയെ ഒതുക്കാൻ നിയോഗിച്ച ബോസ് അവരുമായി ചങ്ങാത്തം കൂടിയതാണ് ബി.ജെ.പിയെ പ്രകോപിപ്പിച്ചത്. ആർ.എൻ. രവിയെ ഗവർണ്ണറാക്കിയതിൽ നിന്ന് തന്നെ മമതയെ തറപറ്റിക്കുകയാണ് കേന്ദ്രത്തിന്റെ ലക്ഷ്യമെന്ന് വ്യക്തമായിക്കഴിഞ്ഞു. കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ആനന്ദബോസ് സ്ഥാനാർത്ഥിയായിരിക്കുമോ എന്നാണ് ഇനി അറിയാനുള്ളത്.

ബംഗാൾ ഗവർണ്ണർ സ്ഥാനം സി.വി. ആനന്ദബോസ് സ്വയം രാജി വെച്ചതല്ല, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ നിർബന്ധപൂർവ്വം രാജിവെയ്പ്പിച്ചതായിരുന്നു. നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ രഹസ്യ അജണ്ടകൾ നടപ്പാക്കാൻ സംഘപരിവാർ ആഭിമുഖ്യമുള്ള ഗവർണ്ണർമാർക്ക് മാത്രമേ കഴിയൂ  എന്ന് ബോധ്യം വന്നതിന്റെ പശ്ചാത്തലത്തിലാണ് ആദ്യം ആനന്ദബോസിനെ ഔട്ടാക്കിയത്.  ഡൽഹിയിലായിരുന്ന ആനന്ദബോസിനെ വിളിച്ചു വരുത്തി രാജിവയ്ക്കാൻ നിർദ്ദേശിക്കുകയായിരുന്നു. ഉടൻ തന്നെ അദ്ദേഹം രാഷ്ട്രപതി ദ്രൗപതി മുർമ്മുവിനെ സന്ദർശിച്ച് രാജി കത്ത് സമർപ്പിച്ചു.

രാഷ്ട്രപതി ബംഗാൾ സന്ദർശിച്ചതിന്റെ തലേന്നാളായിരുന്നു ആനന്ദബോസിന് സ്ഥാനം ഒഴിയേണ്ടി വന്നത്. രാഷ്ട്രപതി സംസ്ഥാനത്തെത്തുമ്പോൾ ഗവർണ്ണർ മാറിയിരിക്കണം എന്ന നിർബന്ധബുദ്ധി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനുണ്ടായിരുന്നു എന്നാണ് അനുമാനിക്കുന്നത്. ഇലക്ഷൻ വിജ്ഞാപനത്തിന് ദിവസങ്ങൾ മാത്രം അവശേഷിക്കെയാണ് അടിയന്തിരമായി ഗവർണ്ണറെ മാറ്റിയിരിക്കുന്നത്. ബംഗാളിലെ ഗവർണ്ണർ മാത്രമല്ല മറ്റുചില ഗവർണ്ണർമാർക്കും സ്ഥാനചലനം ഉണ്ട്. ബീഹാർ ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാനെയും മാറ്റിയിട്ടുണ്ട്. ബോസിനും ആരിഫിനും പുതിയ ചുമതലകളൊന്നും നൽകിയിട്ടില്ല.

പക്ഷേ കേരള ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർക്ക് കേരളത്തിന് പുറമെ തമിഴ്നാടിന്റെ ചുമതല കൂടി നൽകി. ആരിഫ് മുഹമ്മദ് ഖാൻ അഞ്ച് വർഷം കേരള ഗവർണ്ണറായ ശേഷമാണ് ബീഹാറിലേക്ക് മാറിയത്. അവിടെ ഒന്നര വർഷമേ പൂർത്തിയാക്കിയിട്ടുള്ളൂ. ആനന്ദബോസിനാകട്ടെ ബംഗാളിൽ മൂന്നര വർഷം തികഞ്ഞിട്ടേയുള്ളൂ.

ആനന്ദബോസിന് മുൻപ് ജഗദീഷ് ധൻകർ ആയിരുന്നു ബംഗാൾ ഗവർണ്ണർ. അദ്ദേഹം ദിവസവും മമതയുമായി ഏറ്റുമുട്ടി. ധൻകർ ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ടതിന് ശേഷമാണ് ആനന്ദബോസിനെ ഗവർണ്ണറാക്കിയത്. തുടക്കത്തിൽ ബോസും മമതയും തമ്മിൽ പല വിഷയങ്ങളിലും ഏറ്റുമുട്ടി. എന്നാൽ പിന്നീട് അവർ അനുരഞ്ജനത്തിലായി. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കായി അവർ ഒരുമിച്ച് നീങ്ങാൻ തുടങ്ങി. ഈ നയം ബംഗാളിലെ പ്രതിപക്ഷ നേതാവും ബി.ജെ.പി കാരനുമായ സുവേന്ദു അധികാരിക്ക് ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിന്റെ രാഷ്ട്രീയ സമ്മർദ്ദം കാരണമാണ് ആനന്ദബോസിനെ മാറ്റിയതെന്നാണ് മുഖ്യമന്ത്രി മമതാ ബാനർജി പറയുന്നത്. കോൺഗ്രസ് അടക്കമുള്ള മറ്റ് രാഷ്ട്രീയ കക്ഷികളും ഇതേ ആരോപണം ഏറ്റുപിടിക്കുന്നു.

ബംഗാളിൽ പുതിയ ഗവർണ്ണറായി നിയമിക്കപ്പെട്ടത് തമിഴ്നാട്ടിൽ ഗവർണ്ണറായിരുന്ന ആർ.എൻ. രവിയാണ്.

തമിഴ്നാട്ടിൽ അദ്ദേഹം മുഖ്യമന്ത്രി സ്റ്റാലിനുമായി എന്നും ഏറ്റുമുട്ടിയിരുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം പോലും നിയമസഭയിൽ വായിച്ചില്ല. തെരഞ്ഞെടുപ്പിന് മുൻപ് മമതയെ തളയ്ക്കാൻ പറ്റിയ ഗവർണ്ണർ എന്ന നിലയ്ക്കായിരിക്കണം ബംഗാളിൽ അദ്ദേഹം നിയമിതനായിരിക്കുന്നത്.


അതേസമയം ആനന്ദബോസിന്റെ രാജിക്ക് പിന്നാലെ അഭ്യൂഹം ഉയരുന്ന സാഹചര്യത്തിൽ വിശദീകരണവുമായി ബി.ജെ.പി രംഗത്തെത്തി. പല ആരോഗ്യപ്രശ്നങ്ങളും അദ്ദേഹത്തെ അലട്ടുന്നുണ്ടെന്നും രാജിക്ക് കാരണം അതാണെന്നും ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ സമിറ്റ് ഭട്ടാചാര്യ  വിശദീകരിക്കുന്നു. അദ്ദേഹത്തെ ഒറ്റപ്പെടുത്തിയെന്ന് പറയുന്നതിൽ യാതൊരു കഴമ്പുമില്ലെന്നും വിശദീകരണ കുറിപ്പിൽ പറയുന്നു.

ആനന്ദബോസിനെക്കൊണ്ട് രാജിവെയ്പ്പിച്ചത് നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ഏതെങ്കിലും മണ്ഡലത്തിൽ ബി.ജെ.പി സ്ഥാനാർത്ഥിയാക്കാനാണെന്ന അഭ്യൂഹമുണ്ട്. 2020-ൽ അദ്ദേഹം ബി.ജെ.പിയിൽ അംഗത്വമെടുത്തിരുന്നു. ഗവർണ്ണറായതിന് ശേഷം കുമ്മനം രാജശേഖരൻ തെരഞ്ഞെടുപ്പിൽ മത്സരിച്ച കീഴ് വഴക്കമുള്ളതിനാൽ ആനന്ദബോസിന് മത്സരിക്കാൻ തടസ്സങ്ങളൊന്നുമില്ല.

ഒന്നാം റാങ്കുകാർക്കും
നിയമനമില്ല

# ബന്ധുക്കളെ കുടിയിരുത്തിയത് 14-ലേറെ തസ്തികകളിൽ

രമേശൻ കാസർഗോഡ്




ഒരാളെ പോലും നിയമിക്കാതെ കാലാവധി അവസാനിച്ച പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിരവധിയാണ്. അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലെ നാല് ഒന്നാം റാങ്കുകാർക്ക് പോലും നിയമനം ലഭിച്ചില്ല. അതേസമയം ബന്ധുക്കളെ അനധികൃതമായി നിയമിക്കുന്നതിൽ അലംഭാവമില്ല. മന്ത്രി എം.ബി. രാജേഷിന്റെ ഭാര്യ, എ.എ. റഹീമിന്റെ സഹോദരി, പി.കെ. ബിജുവിന്റെ ഭാര്യ, ടി.എൻ. സീമയുടെ ഭർത്താവ്, പി.കെ. ശ്രീമതിയുടെ മകൻ, ഇ.പി. ജയരാജന്റെ ജ്യേഷ്ഠന്റെ ഭാര്യ, കടകംപള്ളി സുരേന്ദ്രന്റെ മകൻ, കോടിയേരിയുടെ ഭാര്യാസഹോദരൻ, കെ.കെ. രാഗേഷിന്റെ ഭാര്യ, മന്ത്രി പി. രാജീവിന്റെ ഭാര്യ, സ്പീക്കർ ഷംസീറിന്റെ ഭാര്യ തുടങ്ങി അനധികൃത നിയമനങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെയുണ്ട്.

ഒരാളെ പോലും നിയമിക്കാതെ കാലാവധി അവസാനിച്ച പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിരവധിയാണ്. അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലെ നാല് ഒന്നാം റാങ്കുകാർക്ക് പോലും നിയമനം ലഭിച്ചില്ല. അതേസമയം ബന്ധുക്കളെ അനധികൃതമായി നിയമിക്കുന്നതിൽ അലംഭാവമില്ല. മന്ത്രി എം.ബി. രാജേഷിന്റെ ഭാര്യ, എ.എ. റഹീമിന്റെ സഹോദരി, പി.കെ. ബിജുവിന്റെ ഭാര്യ, ടി.എൻ. സീമയുടെ ഭർത്താവ്, പി.കെ. ശ്രീമതിയുടെ മകൻ, ഇ.പി. ജയരാജന്റെ ജ്യേഷ്ഠന്റെ ഭാര്യ, കടകംപള്ളി സുരേന്ദ്രന്റെ മകൻ, പി.കെ. ശശിയുടെ മകൻ, കോടിയേരിയുടെ ഭാര്യാസഹോദരൻ, കെ.കെ. രാഗേഷിന്റെ ഭാര്യ, മന്ത്രി പി. രാജീവിന്റെ ഭാര്യ, സ്പീക്കർ ഷംസീറിന്റെ ഭാര്യ തുടങ്ങി അനധികൃത നിയമനങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെയുണ്ട്.

പിണറായി സർക്കാർ ഒരു പതിറ്റാണ്ട് പൂർത്തീകരിക്കുമ്പോൾ ആർക്കും നിയമനം ലഭിക്കാതെ കാലാവധി തീർന്ന റാങ്ക് ലിസ്റ്റുകൾക്ക് കണക്കില്ല. ഏറ്റവും ഒടുവിൽ കാലാവധി തീർന്ന അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റിലെ ഒന്നാം റാങ്കുകാർക്ക് പോലും നിയമനം നൽകാൻ സർക്കാരിന് കഴിഞ്ഞില്ല. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മൂന്ന് വർഷത്തോളം പ്രതീക്ഷയോടെ കാത്തിരുന്ന ഒന്നാം റാങ്കുകാർക്ക് നിരാശയാണ് ഫലമെങ്കിൽ പിന്നെന്തിനാണ് പരീക്ഷയും അഭിമുഖവും നടത്തി ഇങ്ങനെ റാങ്ക് ലിസ്റ്റുകളുണ്ടാക്കി തങ്ങളെ മോഹിപ്പിക്കുന്നതെന്ന് അവർ തന്നെ ചോദിക്കുന്നു. സ്ഥിതി ഇതായിട്ടും തള്ളിന് കുറവൊന്നുമില്ല. രാജ്യത്ത് ഏറ്റവും കൂടുതൽ പി.എസ്.സി നിയമനങ്ങൾ നടത്തിയത് ഈ സർക്കാരാണെന്ന് നിയമസഭയിൽ മുഖ്യമന്ത്രി വീമ്പിളക്കി. ഇതിന് ആധികാരികമായ കണക്കുകളോ തെളിവുകളോ ഒന്നുമില്ല. വെറുതെ അവകാശപ്പെടുന്നു എന്ന് മാത്രം. ഒരു കള്ളം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നാൽ ആരെങ്കിലുമൊക്കെ വിശ്വസിക്കുമല്ലോ.

മലപ്പുറം സ്വദേശി റഷീദ ഡിഗ്രി, പി.ജി, ബി.എഡ്, എം.ഫിൽ പരീക്ഷകളെല്ലാം ഒന്നാം റാങ്കോടെയാണ് വിജയിച്ചത്. ഒടുവിൽ പി.എസ്.സി.യുടെ ഉറുദു പരീക്ഷയെഴുതി. അതിലും ഒന്നാം റാങ്ക് ലഭിച്ച റഷീദയ്ക്ക് പോലും ജോലി നൽകാതെയാണ് 2023-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചത്. ഒരാളെ പോലും നിയമിച്ചില്ലെങ്കിൽ ലിസ്റ്റിന്റെ കാലാവധി നീട്ടാമെന്ന് പി.എസ്.സി നൽകിയ അനൗദ്യോഗിക ഉറപ്പൊന്നും പാലിച്ചതായി അറിയില്ല.

മറുപടികളിൽ പേരിന് മാത്രം ഒന്നോ രണ്ടോ നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ. നിയമിക്കാൻ ഒഴിവില്ലെന്ന് സർക്കാർ പറയുന്നുണ്ടെങ്കിലും റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിവരാവകാശ രേഖകളുമായി ഉദ്യോഗാർത്ഥികൾ കോടതിയെ സമീപിക്കുകയാണ്.

**നിയമനം ലഭിക്കാത്ത ഒന്നാം റാങ്കുകാർ:**

1. എം. റഷീദ, മലപ്പുറം - അസിസ്റ്റന്റ് പ്രൊഫസർ (ഉറുദു)
2. കെ. ഹിലാലുദ്ദീൻ, വയനാട് - അസിസ്റ്റന്റ് പ്രൊഫസർ (ഇസ്ലാമിക് ഹിസ്റ്ററി)
3. സരസ്വതി നായർ, തിരുവനന്തപുരം - അസിസ്റ്റന്റ് പ്രൊഫസർ (ഫിലോസഫി)
4. മമത ജേക്കബ്, കൊച്ചി - അസിസ്റ്റന്റ് പ്രൊഫസർ (സോഷ്യോളജി)

**ഇനി സ്വന്തക്കാരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്ന കാര്യത്തിൽ നമ്മുടെ ഇടതുപക്ഷ സർക്കാരിന്റെ ഇഷ്ടാനിഷ്ടങ്ങൾ എത്രത്തോളമുണ്ടെന്ന് നോക്കാം. താഴെയുള്ള ലിസ്റ്റ് പരിശോധിക്കുക.**

1. നിനിത കണിച്ചേരി കാലടി സംസ്കൃത സർവ്വകലാശാല അസിസ്റ്റന്റ് പ്രൊഫസർ, മന്ത്രി എം.ബി. രാജേഷിന്റെ ഭാര്യ.
2. വിജി വിജയൻ കേരള സർവ്വകലാശാല അസിസ്റ്റന്റ് പ്രൊഫസർ, സി.പി.എം നേതാവ് പി.കെ. ബിജുവിന്റെ ഭാര്യ.
3. ഷീജ SCOLE കേരള, എ.എ. റഹീം എം.പി.യുടെ സഹോദരി.
4. ജി. ജയരാജൻ സി-ഡിറ്റ് ഡയറക്ടർ, സി.പി.എം നേതാവ് ടി.എൻ. സീമയുടെ ഭർത്താവ്.
5. പി.കെ. സുധീർ നമ്പ്യാർ കെ.എസ്.ഐ.ഇ. മാനേജിംഗ് ഡയറക്ടർ, മുൻ മന്ത്രി പി.കെ. ശ്രീമതിയുടെ മകൻ.
6. ദീപ്തി നിഷാദ് കേരള ക്ലേ ആന്റ് സെറാമിക്സ് ഡയറക്ടർ, ഇ.പി. ജയരാജന്റെ ജ്യേഷ്ഠന്റെ മകന്റെ ഭാര്യ.
7. 7. അനൂപ് സുരേന്ദ്രൻ ഇ.എം.സി (കേരള എനർജി ടെക്നോളജിസ്റ്റ്), കടകംപള്ളി സുരേന്ദ്രന്റെ മകൻ.
8. ആർ. ബിന്ദു ശ്രീ കേരളവർമ്മ കോളേജ് വൈസ് പ്രിൻസിപ്പൽ (ഇപ്പോൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി), എ. വിജയരാഘവന്റെ ഭാര്യ.
9. നിഖിൽ കിൻഫ്ര കോർഡിനേഷൻ അസിസ്റ്റന്റ് മാനേജർ, എ. കണ്ണന്റെ മകൻ.
10. എസ്. ആർ. വിനയകുമാർ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടർ, കോടിയേരി ബാലകൃഷ്ണന്റെ ഭാര്യാ സഹോദരൻ.
11. പ്രിയ വർഗീസ് കണ്ണൂർ സർവ്വകലാശാല സ്റ്റുഡന്റ്സ് ഡീൻ, കെ.കെ. രാഗേഷിന്റെ ഭാര്യ.
12. വാണി കേസരി കുസാറ്റ് സ്കൂൾ ഓഫ് ലീഗൽ സർവീസ് ഡയറക്ടർ, പി. രാജീവിന്റെ ഭാര്യ.
13. പി.എം. സഹല കണ്ണൂർ സർവ്വകലാശാല അസിസ്റ്റന്റ് പ്രൊഫസർ, സ്പീക്കർ എ.എൻ. ഷംസീറിന്റെ ഭാര്യ.

വയോധികരോടു വേണോ
ഈ അവഗണന




ഉയർന്ന പി.എഫ് പെൻഷൻ അനുവദിച്ചാൽ കേന്ദ്രം പറഞ്ഞതിന്റെ പത്തിലൊന്ന് തുകയുടെ അധികബാധ്യത മാത്രമേ ഉണ്ടാകൂവെന്ന് ഇ.പി.എഫ്.ഒ വ്യക്തമാക്കി. കേന്ദ്രം പറഞ്ഞത് പത്ത് ലക്ഷം കോടി രൂപയാണ്. ഇ.പി.എഫ്.ഒയുടെ കണക്കുകൾ പ്രകാരം 78,501 കോടി മാത്രം. 17.49 ലക്ഷം അപേക്ഷകളിൽ 3.73 ലക്ഷം പേർ മാത്രമാണ് യോഗ്യത നേടിയത്.

## ഉയർന്ന പി.എഫ് പെൻഷൻ

# കേന്ദ്രത്തിന്റെ കള്ളക്കളി വെളിച്ചത്തായി



ഡോ:പി.പി.വിജയകുമാർ

പി.എഫ് പെൻഷൻ ഉയർത്തിയാൽ പത്ത് ലക്ഷം കോടി രൂപയുടെ ബാധ്യത വരുമെന്നും ഇതോടെ പദ്ധതി തന്നെ തകരുമെന്നുമുള്ള കേന്ദ്ര സർക്കാരിന്റെ വാദം പൊളിഞ്ഞു. ഉയർന്ന പെൻഷൻ അനുവദിക്കുക വഴി 78,501 കോടി രൂപയുടെ അധിക ബാധ്യത മാത്രമേ വരുന്നുള്ളൂവെന്ന് ഇ.പി.എഫ്.ഒയുടെ കണക്കുകൾ വ്യക്തമാക്കുന്നു. അതായത് സർക്കാർ പറഞ്ഞതിന്റെ പത്തിലൊന്ന് മാത്രമേ ബാധ്യതയായി വരുന്നുള്ളൂവെന്ന് വ്യക്തം.

പത്ത് ലക്ഷത്തിന്റെ കള്ളക്കണക്ക് പറഞ്ഞാണ് കേന്ദ്രം ഉയർന്ന പെൻഷനെ സുപ്രീം കോടതിയിൽ എതിർത്തത്. എന്നാൽ ഇ.പി.എഫ്.ഒയുടെ കേന്ദ്ര ട്രസ്റ്റി ബോർഡ് യോഗത്തിൽ വെച്ച കണക്കുകൾ പ്രകാരം അധിക ബാധ്യത 78,501 കോടി രൂപ മാത്രമാണ്. ഒരാൾക്ക് 25 ലക്ഷം രൂപ വീതം ഇതുവരെയുള്ള അപേക്ഷകളിൽ 92 ശതമാനവും തീർപ്പാക്കി.



17.49 ലക്ഷം അപേക്ഷകളിൽ 3.73 ലക്ഷം പേർ മാത്രമാണ് യോഗ്യത നേടിയത്.

ഭാരതത്തിലെ തൊഴിലാളികളുടെ നീണ്ടകാലത്തെ ആവശ്യം പരിഗണിച്ചാണ്, കേന്ദ്രസർക്കാർ പ്രോവിഡണ്ട് പെൻഷൻ നിയമം 1995 നവംബർ 16 ന് നടപ്പിൽ വരുത്തിയത്. ഇതിന് വേണ്ടി തൊഴിലാളി വിഹിതം 8.33% തൊഴിൽ ചെയ്തിരുന്ന കാലം മുഴുവൻ എല്ലാ മാസവും സർക്കാർ പിടിച്ചെടുത്തു. ഇങ്ങിനെ കേന്ദ്രസർക്കാറിന്റെ കയ്യിൽ പെൻഷനുവേണ്ടി തൊഴിലാളികൾ നല്കിയ ഫണ്ടിൽ 7,80,300 കോടി രൂപ നിക്ഷേപമായുണ്ട്. ആ സംഖ്യക്ക് പലിശയായി അമ്പത്തിരണ്ടായിരം കോടി രൂപ കേന്ദ്ര സർക്കാറിന് ലഭിക്കുന്നുണ്ട്. ആ പലിശ സംഖ്യയിൽ നിന്നും 79 ലക്ഷം പെൻഷൻകാർക്ക് കേവലം പതിനഞ്ചായിരം കോടി രൂപ മാത്രമാണ് വിതരണം ചെയ്യുന്നത്. അതായത് 28% സംഖ്യ മാത്രം. 72% പലിശയും സർക്കാർ പിടിച്ചു വയ്ക്കുകയാണ്. കൂടാതെ നാൽപതിനായിരം കോടി രൂപ അവകാശികളില്ലാതെ വർഷങ്ങളായി കെട്ടി കിടക്കുന്നതും സർക്കാർ കൈവശപ്പെടുത്തിയിരിക്കുകയാണ്. ഇത് മുതിർന്ന പൗരന്മാരായ പ്രോവിഡണ്ട് പെൻഷൻകാരോട് കേന്ദ്രസർക്കാർ ചെയ്യുന്ന കടുത്ത വഞ്ചനയും, അവഗണനയുമാണ്.

രാഷ്ട്ര താല്പര്യത്തിനും, പുരോഗതിക്കുമായി, പൊതുമേഖലാ, സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്ത്, ആരോഗ്യം നശിച്ച് അസുഖ ബാധിതരായി ജോലിയിൽ നിന്നും വിരമിച്ചു വരുന്ന തൊഴിലാളിക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റിയും, പ്രോവിഡന്റ് ഫണ്ട് സംഖ്യയും ഉപയോഗിച്ച് താമസിക്കാനൊരു വീടുവയ്ക്കുകയോ, ഒരു പെൺകുട്ടിയെ വിവാഹം കഴിപ്പിച്ച് അയക്കുകയോ ചെയ്താൽ മുഴുവൻ സംഖ്യയും തീരും. പിന്നീട് ജീവിക്കാൻ ആകെയുള്ള ആശ്രയം ഇ.പി.എഫ് പെൻഷനാണ്. ഇന്ന് ലഭിച്ചു കൊണ്ടിരിക്കുന്ന തുച്ഛമായ സംഖ്യകൊണ്ട്, ജീവിത ശൈലീരോഗങ്ങൾക്കുള്ള മരുന്നു വാങ്ങാൻ പോലും തികയുകയില്ല.

ഇ.പി.എഫ് പെൻഷൻ വാങ്ങുന്നവരിൽ ഏകദേശം 50 ലക്ഷത്തോളം പേരും ആയിരം രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവരാണ്. അംശാദായം ഒന്നും അടക്കാതെ 60 വയസ്സു കഴിഞ്ഞ എല്ലാവർക്കും ക്ഷേമ പെൻഷൻ കൊടുക്കുന്ന ഈ നാട്ടിൽ, അംശാദായം പിടിക്കുന്ന തൊഴിലാളി 58 വയസ്സിൽ വിരമിക്കുമ്പോൾ 1000 രൂപ പെൻഷൻ നല്കുന്ന ഇത്തരം നടപടി ഇന്ത്യയിലല്ലാതെ മറ്റൊരു രാജ്യത്തും കാണുമെന്ന് തോന്നുന്നില്ല.

തന്റെ യൗവ്വനം മുഴുവൻ തൊഴിലെടുത്ത് സ്വന്തം വരുമാനത്തിൽ നിന്നും ഒരു അംശം സംഖ്യ സർക്കാരിനെ ഏൽപ്പിച്ചത്, ജീവിതാന്ത്യത്തിൽ ഒരു താങ്ങാവും എന്ന് കരുതിയാണ്.

ആ പെൻഷൻ സംഖ്യയാണ് സർക്കാർ പിടിച്ചു വെച്ചുകൊണ്ട് ദ്രോഹ നടപടിയുമായി മുന്നോട്ടു പോകുന്നത്. നീതിക്കു വേണ്ടി നിരവധി കോടതികൾ കയറിയിറങ്ങിയ തൊഴിലാളികൾക്ക് ലഭിച്ച അനുകൂല വിധിക്കെതിരെ കേന്ദ്ര സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്ത് ദീർഘ നാളത്തെ വാദങ്ങൾക്ക് ശേഷം ബഹുമാനപ്പെട്ട സുപ്രീം കോടതി തൊഴിലാളികൾക്ക് അനുകൂലമായ വിധി പുറപ്പെടുവിച്ചു. രണ്ടു വർഷം പിന്നിട്ടിട്ടും, അതുപ്രകാരമുള്ള പെൻഷൻ ലഭ്യമാക്കാനാവശ്യമായ നടപടികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല. ഇത് വന്ധ്യ വയോധികരായ ലക്ഷക്കണക്കിന് വരുന്ന ഇ.പി.എഫ് പെൻഷൻകാരോട് കേന്ദ്ര സർക്കാരും തൊഴിൽ വകുപ്പും ഇ.പി.എഫ്. ഒയും ചെയ്യുന്ന കടുത്ത അവഗണനയാണ്. ഈ അവഗണന അവസാനിപ്പിച്ച്, മിനിമം പെൻഷൻ 10,000/- (പതിനായിരം) രൂപയും ഡി.എ.യും, ശമ്പളത്തിന്റെ പകുതി സംഖ്യ പെൻഷൻ എന്നടിസ്ഥാനത്തിൽ കൂടിയ പെൻഷനും നൽകുവാൻ കേന്ദ്രസർക്കാർ തയ്യാറാവണം.

**ലേഖകൻ സർവ്വോദയ സംഘം സ്റ്റാഫ് & ഖാദി ആർട്ടിസാൻസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റാണ്**



# ഉത്തിഷ്ഠത! ജാഗ്രത പിന്നെ ചവിട്ടിപ്പുറത്താക്കുക!



എ. കെ. സാദിഖ്,
മുൻ പ്രസിഡന്റ്,
PSC എംപ്ലോയീസ്
അസോസിയേഷൻ

പ്രതിഫലം വാങ്ങി കായികമോ ബൗദ്ധികമോ ആയി ജോലി ചെയ്യുന്നവരെല്ലാം തൊഴിലാളികളാണ്. അങ്ങനെ തൊഴിലാളികളുടെ പാർട്ടി എന്ന പേരിൽ 1957-ൽ കേരളത്തിൽ ആദ്യ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി E.M.S. ഭരണത്തിൽ വന്നു. കേരളത്തിൽ ആദ്യത്തെ തൊഴിലാളിക്ക് നേരെയുള്ള പോലീസ് വെടിവയ്പ് 1958 ജൂലൈ 26-ന് കൊല്ലം ചന്ദനത്തോപ്പിൽ. കശുവണ്ടി തൊഴിലാളികൾ കൂലി വർദ്ധനവും ബോണസും ചോദിച്ചു നടത്തിയ സമരത്തിൽ സഖാവ് രാമനും സുലൈമാനും EMSന്റെ പോലീസ് വെടിയേറ്റ് രക്തസാക്ഷികളായി. ചന്ദനത്തോപ്പ് ഗവൺമെന്റ് ഐ.ടി.ഐ-ക്ക് മുമ്പിലെ റോഡരികിൽ രക്തസാക്ഷി മണ്ഡപം ഇന്നും ഉണ്ട്. സംശയരോഗികളായ CITU, AITUC സഖാക്കൾക്ക് ഗൂഗിൾ സെർച്ച് ചെയ്തോ നേരിട്ടു കണ്ടോ സായൂജ്യമടയാം. ജാഗ്രതൈ.

നമ്മൾ തെരഞ്ഞെടുപ്പ് യുദ്ധത്തിലാണല്ലോ. യുദ്ധത്തിലും തെരഞ്ഞെടുപ്പിലും എല്ലാം ചട്ടങ്ങളും മര്യാദകളും ധാർമ്മികതയും ഉണ്ട്.

എന്നാൽ അതെല്ലാം കാറ്റിൽ പറത്തി പിണറായി സർക്കാർ തറനിലവാരത്തിൽ ധൃതിപിടിച്ച് കുറെ ഉത്തരവുകൾ തട്ടിക്കൂട്ടി ആളുകളുടെ കണ്ണിൽ പൊടിയിടുന്നു. UDFനെതിരെ പങ്കാളിത്ത പെൻഷൻ പിൻവലിക്കണം എന്ന് 8 ദിവസം പണിമുടക്കി ഭരണത്തിൽ വന്ന LDF ഇതുവരെ പഴയ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിച്ചില്ല. രണ്ടു വർഷമായി

ബജറ്റിൽ 'അഷേർഡ് പെൻഷൻ' എന്ന് പറയുന്നു. ഇപ്പോൾ ധൃതിപ്പെട്ട് ഉത്തരവിട്ടു. എന്നാൽ അത് എന്ത്, എങ്ങിനെ, എന്ന് മുതൽ, എപ്രകാരം എന്നൊന്നും പറയുന്നില്ല. അതെല്ലാം പിന്നീട് ഉത്തരവാകും എന്ന് പറയുന്നു. ഒരു കുടിൽ പണിയണമെങ്കിലും പ്ലാനും പ്രമാണവും എസ്റ്റിമേറ്റും വേണ്ടുന്ന നാട്ടിലാണ് ലക്ഷക്ക ണക്കിന് പേരെ ബാധിക്കുന്ന പെൻഷൻ പദ്ധതിയ്ക്ക് കെ-റെയിൽ പോലെ കുറ്റിയിട്ടത്. ജീവനക്കാരുടെ 5 വർഷത്തെ 10 ഗഡു ഡി.എ. കുടിശ്ശിക തരും എന്ന് ഉത്തരവ്. എന്ന് മുതൽ, എത്ര ഗഡുക്കൾ, എത്ര നാളിനകം, പലിശയുണ്ടോ? ഒന്നിനും ഉത്തരമില്ല. 2019-ൽ 4 ഗഡുക്കളായി പ്രഖ്യാപിച്ച ഡി.എ. കുടിശ്ശികയുടെ 2 ഗഡു 7 വർഷം കഴിഞ്ഞിട്ടും കിട്ടിയില്ല. ഇതിനകം ഒന്നരലക്ഷം പെൻഷൻകാരുടെ സഞ്ചയനകർമ്മം കഴിഞ്ഞു സഖാക്കളെ.

ഇത്തരം G.O. കാണുമ്പോൾ മകളുടെ വിവാഹം ക്ഷണിക്കാൻ വന്ന അച്ഛനോട് വരൻ ആരാ? ഹാൾ ഏതാ? മുഹൂർത്തം എപ്പോൾ എന്ന് ചോദിക്കുമ്പോൾ അതൊക്കെ പിന്നീട് തീരുമാനിക്കും എന്ന് മറുപടി നൽകുന്ന മിടുക്കനായ അച്ഛനെയോ അച്ഛൻ മരിച്ചാലും മരിച്ചില്ലേലും വരുന്ന ബുധനാഴ്ച സഞ്ചയനമാണ് എന്ന് നാട്ടുകാരെ അറിയിക്കുന്ന മകനെയും എല്ലാം ഓർമ്മ വരും സഖാക്കളെ.

പിണറായി സർക്കാർ 2021-ലെ ശമ്പള പരിഷ്കരണത്തിൽ കേരളപ്പിറവി മുതൽ കിട്ടിയിരുന്ന സർവ്വീസ് വെയിറ്റേജ് നിർത്തലാക്കി. ഒരു മാസം മുതൽ 34 വർഷം സർവ്വീസുള്ളവർ വരെ തുല്യർ. ഇതാണ് സോഷ്യലിസം, കമ്മ്യൂണി സം. പേ റിവിഷൻ എന്ന് കേൾക്കു മ്പോൾ ലോക തൊഴിലാളികൾക്ക് ഓർമ്മ വരുന്ന ഒരു പേരാണ് ജി. കാർത്തികേയൻ എന്ന മുൻ വൈദ്യു തി മന്ത്രി. 1996-ൽ വന്ന നായനാർ സർക്കാർ നിരവധി ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചിട്ടും റദ്ദുചെയ്തിട്ടും KSEBയിൽ നടത്തിയ റഫറണ്ടത്തിൽ CITUവിന് വൻ ഭൂരിപക്ഷം. വൈ രുദ്ധ്യാത്മക നന്ദികേട് വാദം തന്ന കചാഡജ വെളിയിൽ ഇല്ലാതാക്കിയ CITU അകത്ത് എന്താകാരണം.





**പിണറായി സർക്കാർ 2021-ലെ ശമ്പള പരിഷ്കരണ ത്തിൽ കേരളപ്പിറവി മുതൽ കിട്ടിയിരുന്ന സർവ്വീസ് വെയിറ്റേജ് നിർത്തലാക്കി. ഒരു മാസം മുതൽ 34 വർഷം സർവ്വീസുള്ളവർ വരെ തുല്യർ. ഇതാണ് സോഷ്യലിസം, കമ്മ്യൂണിസം. പേ റിവിഷൻ എന്ന് കേൾക്കു മ്പോൾ ലോക തൊഴിലാളി കൾക്ക് ഓർമ്മ വരുന്ന ഒരു പേരാണ് ജി. കാർത്തികേയൻ എന്ന മുൻ വൈദ്യുതി മന്ത്രി. 1996-ൽ വന്ന നായനാർ സർക്കാർ നിരവധി ആനു കൂല്യങ്ങൾ വെട്ടിക്കുറച്ചിട്ടും റദ്ദുചെയ്തിട്ടും KSEBയിൽ നടത്തിയ റഫറണ്ടത്തിൽ ഇകഠഡവിന് വൻ ഭൂരിപക്ഷം.**

ഭയം, സ്ഥലമാറ്റം, സസ്പെൻഷൻ, സ്വഭാവഹത്യ, ഒറ്റപ്പെടുത്തൽ, കള്ള ക്കേസിൽപെടുത്തൽ തുടങ്ങിയ കാറൽ മാർക്സിന്റെ സുന്ദരമായ 'സന്ദേശം' സിനിമയിലെ ആചാരങ്ങ ളിലെ ഭയം. കോവിഡ് വന്നാൽ ഭയം വേണ്ട ജാഗ്രത മതി. അതുപോലെ ഇജങ വരുമ്പോൾ ആനുകൂല്യങ്ങൾ വേണ്ട, ജീവൻ നിലനിന്നാൽ മതി എന്ന് സാരം. ഇപ്പോഴിതാ കേഡർ പേ, സർവ്വീസ് വെയിറ്റേജ് എന്നിവ അനുവദനീയമല്ല എന്ന തീട്ടൂരം. സർക്കാർ ജീവനക്കാർക്ക് നിഷേധിച്ചത് KSEB യ്ക്കും നല്കണ്ട എന്ന് NGO യൂണിയൻ. കഴിഞ്ഞ 10 വർഷം 'ആപത്ത് വർഷം' എന്നാണ് ശരിയായ വിശേഷണം. ഇരുണ്ട ദശകം എന്നും പറയാം. ലീവ് സറണ്ടർ, സർവ്വീസ് വെയിറ്റേജ്, HBA, CCA, DA കുടിശ്ശികയുടെ മുൻകാല പ്രാബല്യം എന്നിവ ശാശ്വതമായി നിർത്തലാക്കി. മെഡിക്കൽ റീഇംബേഴ്സ്മെന്റും നിർത്തി. സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിച്ചില്ല. ഉമ്മൻചാണ്ടി നൽകിയ പെൻഷൻ ഫിറ്റ്മെന്റ് 18%, സർവ്വീസ് ഫിറ്റ്മെന്റ് 12% എന്നിവ വെട്ടിക്കുറച്ചു രണ്ടും 10% ആക്കി. കരുണാകരൻ നൽകിയ രണ്ടിലൊ ന്ന് ശതമാനം നായനാർ മൂന്നിലൊ ന്ന് ശതമാനമാക്കി കുറച്ചു. പക്ഷെ വ്യാജ ഡോക്ടറേറ്റുള്ള NGO Union, CITU നേതാക്കൾ പറഞ്ഞത് 2 നേ ക്കാൾ വലുതല്ലേ 3.

അപ്പോൾ 1/2 നേക്കാൾ വലു തല്ലേ 1/3 എങ്ങനെ ഉണ്ടു കുരുട്ടു ബുദ്ധി. മെഡിസെപ്പിന്റെ പേരിൽ പ്രതിവർഷം 8250 രൂപ പിടിച്ചു പറിക്കുന്നു.ഇജങ സർക്കാർ എന്നും ജീവനക്കാരെ ദ്രോഹിച്ചു. 1967-ലെ ഇ.എം.എസ് പെൻഷൻ പ്രായം 58 എന്നത് 55 ആക്കി. പണിമുടക്കി യാൽ പഴയ സർവ്വീസ് കാലയളവ് മൊത്തം റദ്ദാക്കുന്ന നിയമം ഗടഞൽ ഉൾപ്പെടുത്തി. എന്നാൽ 1977-ൽ അ.ഗ. ആന്റണി ചരിത്രത്തിലാദ്യമായി ജീവനക്കാർ ക്ക് ഫെസ്റ്റിവൽ അലവൻസ് 125 രൂപ നൽകി. 1984-ൽ കെ. കരുണാകരൻ 15 ദിവസം ജീവനക്കാർക്ക് ബോണ സ് അനുവദിച്ചു. സർക്കാർ ജീവന ക്കാർക്ക് ബോണസ് ചോദിച്ചപ്പോൾ EMS പറഞ്ഞത് വിളിക്കാൻ കൊ ള്ളാവുന്ന മുദ്രാവാക്യം എന്നാണ്. അതേ കരുണാകരൻ 1991-ൽ ഒരു

മാസ ശമ്പളം ബോണസ് നൽകി. കേന്ദ്ര നിരക്കിൽ ശമ്പളം പരിഷ്കരിച്ചത് 1992-ൽ. ജീവനക്കാർക്ക് ആദ്യമായി കണ്ണട വാങ്ങാൻ 1985-ൽ 100 രൂപ അലവൻസ് നൽകി. 2 ID ക്ലാർക്കിന് പകരം 1 UD ക്ലാർക്ക് എന്നത് 1:1 ആക്കി ഉയർത്തി. 2012-ൽ ഉമ്മൻചാണ്ടി പെൻഷൻ പ്രായം 56 ആയി ഉയർത്തി. ജീവനക്കാർക്ക് ഇന്ത്യ ഒന്നാകെ കുടുംബസമേതം 4 പേർക്ക് (വിമാനത്തിൽ വരെ) യാത്ര ചെയ്യാവുന്ന ലീവ് ട്രാവൽ കൺസഷൻ (LTC) അനുവദിച്ചത് 2013-ൽ. 13 സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം PSCക്കു വിട്ടു. സിൻഡിക്കേറ്റംഗങ്ങളുടെ രാഷ്ട്രീയ നിയമനം ഇല്ലാതാക്കി.

'പവർകട്ടില്ല' എന്ന പരസ്യം നന്നായി. കട്ടത് പറയുന്നതാണല്ലോ അതിന്റെ ഒരു ഇത്. ശബരിമലയിലെ സ്വർണ്ണം കട്ടു. കരുവന്നൂർ, കണ്ടല, നേമം തുടങ്ങിയ ബാങ്കുകളിലെ പണം കട്ടു. ആഗോള അയ്യപ്പസംഗമത്തിൽ നന്ദഗോവിന്ദ് ഭജനയുടെ പണം ആളുമാറി ഇഷ്ടപ്പെട്ട ഗോവിന്ദന്റെ പേരിലാക്കി. ഇനി... പവർകട്ടില്ല എങ്കിൽ അതിന്റെ കാരണഭൂതൻ പിണറായി അല്ല. DNA ടെസ്റ്റ് ഫല പ്രകാരം ഡോ: മൻമോഹൻ സിംഗ്. 2008-ലെ ഇന്ത്യ - അമേരിക്ക ആണവക്കരാറിലെ യുറേനിയം പ്ലാന്റ് തമിഴ്നാട്ടിലെ കൂടംകുളത്ത് വന്നതാണ് കാര്യം.

PSC റാങ്ക് ലിസ്റ്റിൽ ഉള്ളവർക്കായി 11 പ്രാവശ്യം കാലാവധി നീട്ടി സഹായിച്ചു. താല്ക്കാലിക ഭിന്നശേഷിക്കാരായ മൂവായിരത്തോളം പേരെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തി. 1995-ൽ അ.ഗ. ആന്റണിയാണ് 14 ജില്ലാ സഹകരണ ബാങ്കും 15 അപക്സ് സൊസൈറ്റി നിയമനങ്ങളും PSCക്കു വിട്ടത്.

1981-ൽ ഉമ്മൻചാണ്ടി ആഭ്യന്തരമന്ത്രി ആയിരിക്കവേ ആണ് പോലീസുകാരുടെ അപരിഷ്കൃത കാക്കി അരനിക്കർ മാറ്റി ഫുൾ പാന്റ് യൂണിഫോം നൽകിയത്. അ.ഗ. ആന്റണിയാണ് വനിതാ പോലീസിനെ അനുവദിച്ചതും ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ സൃഷ്ടിച്ചതും. KSRTCയിൽ ഉമ്മൻ ചാണ്ടിയുടെ കാലത്തെ ജീവനക്കാർ 44000 പേർ. ഇപ്പോൾ 22000 നേർ പകുതി. CITUകാർക്ക് ആഹ്ലാദം. 8 മണിക്കൂർ ജോലി സമയം കുറയ്ക്കണമെന്നും ശമ്പളം കൃത്യമായി നൽകണമെന്നും തൊഴിലാളികൾ സമരം ചെയ്തു. വകുപ്പുജെട്ടി മന്ത്രി ജോലി സമയം 12 മണിക്കൂറാക്കി ഉത്തരവിട്ടു.


ശമ്പളം രണ്ടോ മൂന്നോ ഗഡുക്കളായി നൽകിയാൽ മതി എന്നും ഉത്തരവ്. അതുകണ്ടപ്പോൾ 'ഫ്രണ്ട്സ്' സിനിമയിലെ ജഗതിയെ ഓർമ്മവന്നു. 'ഇവന്മാർക്ക് ആഹാരം വേണമെങ്കിൽ ഞാൻ കൊടുക്കാതിരിക്കാം. പക്ഷേ ശമ്പളം ഒന്നും കൊടുക്കാൻ പറ്റില്ല' എന്തു നല്ല മൊയ്ലാളിഎന്തായാലും KSRTCക്കാർ ഭാഗ്യവാന്മാർ. ആദ്യമന്ത്രി വയസ്സനെങ്കിലും ഹണിട്രാപ്പിലെ 'പൂച്ചക്കുട്ടി'യിൽ തുടങ്ങിയ ശൃംഗാരം ബാക്കി പറയുന്നില്ല. രണ്ടാമതു വന്നത് ജെട്ടി മന്ത്രി. ഞെട്ടി മാറി വന്ന മന്ത്രിയുടെ ബെഡ്റൂമിൽ കയറാൻ 5000 യുവതികൾ വെർചാൽ ക്യൂവിലാണ്. പാവം ട്രാഫിക് സിഗ്നൽ വെച്ച് ബെഡ്റൂമിൽ തന്നെ. പക്ഷേ എല്ലാ ഭാര്യമാരിൽ നിന്നും കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് ചിഹ്നം മനോഹരമായ കവിളിൽ പതിക്കാൻ ഗജകേസരിയോഗം ചെയ്ത ദാസപ്പൻ.

'പവർകട്ടില്ല' എന്ന പരസ്യം നന്നായി. കട്ടത് പറയുന്നതാണല്ലോ അതിന്റെ ഒരു ഇത്. ശബരിമലയിലെ സ്വർണ്ണം കട്ടു. കരുവന്നൂർ, കണ്ടല, നേമം തുടങ്ങിയ ബാങ്കുകളിലെ പണം കട്ടു. ആഗോള അയ്യപ്പസംഗമത്തിൽ നന്ദഗോവിന്ദ് ഭജനയുടെ പണം ആളുമാറി ഇഷ്ടപ്പെട്ട ഗോവിന്ദന്റെ പേരിലാക്കി. ഇനി...

പവർകട്ടില്ല എങ്കിൽ അതിന്റെ കാരണഭൂതൻ പിണറായി അല്ല. DNA ടെസ്റ്റ് ഫല പ്രകാരം ഡോ: മൻമോഹൻ സിംഗ്. 2008-ലെ ഇന്ത്യ - അമേരിക്ക ആണവക്കരാറിലെ യുറേനിയം പ്ലാന്റ് തമിഴ്നാട്ടിലെ കൂടംകുളത്ത് വന്നതാണ് കാര്യം. കേന്ദ്ര സർക്കാരിന്റെ പവർ ഗ്രിഡിൽ നിന്ന് പണം നൽകി കറണ്ടും വാങ്ങുന്നു. അതേ സിംഗ് തുടങ്ങിവെച്ച സോളാർ എനർജി പദ്ധതി പ്രകാരം കേരളത്തിൽ 23% കറണ്ടു സോളാർ 2013-ൽ ഉമ്മൻ ചാണ്ടി നെടുമ്പാശ്ശേരി വിമാനത്താവളം 'ലോകത്തെ ഏക സമ്പൂർണ്ണ സോളാർ എനർജി പ്രവർത്തന എയർപോർട്ടായി' മാറ്റി. ജന സമ്പർക്ക പരിപാടിക്ക് ഐക്യ രാഷ്ട്ര സഭയുടെ ആദരം നേടിയതിനൊപ്പം മറ്റൊരു പൊൻതൂവൽ. ആ എയർപോർട്ടാകട്ടെ കെ. കരുണാകരൻ നിർമ്മിച്ച സർക്കാർ-സ്വകാര്യ പങ്കാളിത്തത്താവളം. അതും അഭിമാനം. എന്നാൽ എന്റെ ശവത്തിലൂടെയേ വിമാനം ഇറങ്ങൂ എന്ന് പറഞ്ഞ് മലർന്നുകിടന്ന് ശകുനം മുടങ്ങിയ സഖാവ ശർമ്മാമന്ത്രി അതേ ഇകഅഘന്റെ തലവനായത് വൈരുദ്ധ്യാത്മകം. ഛർദ്ദിച്ചത് തിരികെ ഭക്ഷിക്കുന്ന അറപ്പുളവാക്കുന്ന പദ്ധതി. 2018-ൽ ശബരിമലയിൽ യുവതികളെ കയറ്റണമെന്നും 2026 ൽ തെരഞ്ഞെടുപ്പ് വന്നതിനാൽ യുവതികൾ കയറാൻ പാടില്ല എന്നു പറയുന്നതും നെടുമ്പാശ്ശേരി പോലെ ഇത്തരം മലക്കം മറിയുന്ന വാക്കിന് ഉറപ്പില്ലാത്ത, നേരും നെറിയും ഇല്ലാത്ത രക്തസാക്ഷി ഫണ്ടും ദുരിതാശ്വാസ ഫണ്ടും അടിച്ചുമാറ്റുന്ന, ജീവനക്കാരെയും പെൻഷൻകാരെയും നരകയാതന അനുനയിപ്പിക്കുന്ന നിരപരാധികളെ കള്ളക്കേസിലൂടെ വധശ്രമത്തിനു പ്രതികളാക്കുന്ന സർക്കാരാശുപത്രികളിൽ ചികിത്സയ്ക്കു പോയാൽ മോർച്ചറിയിലാകുന്ന, കത്തിയും കത്രികയും വയറ്റിലാക്കി സഹായിക്കുന്ന ഇടതുപക്ഷത്തെ ഏപ്രിൽ 9ന് മുമ്പ് ചിന്തിക്കുമ്പോൾ പറയാവുന്നതാണ്.

ഉത്തിഷ്ഠത, ജാഗ്രത, പിന്നെ ചവിട്ടി പുറത്താക്കുക.

# പാർലമെന്റിലെ യുവതുർക്കി ഓർമ്മയായി



**പാർലമെന്റിലെ യുവതുർക്കി എന്നറിയപ്പെട്ടിരുന്ന കോൺഗ്രസ് നേതാവായിരുന്നു അന്തരിച്ച കെ.പി. ഉണ്ണികൃഷ്ണൻ. രാജ്യം കണ്ട ഒന്നാംതരം പാർലമെന്റേറിയന്മാരിൽ ഒന്നാം ശ്രേണിക്കാരൻ. രാഷ്ട്രീയത്തെ ജീവവായുപോലെ കണക്കാക്കിയ ആദർശഭരിതമായൊരു കാലഘട്ടത്തിന്റെ അവസാനത്തെ പ്രതിനിധിയും ഓർമ്മയായി.**



കെ.ദാമോദരൻ കോഴിക്കോട്

പാർലമെന്റിലെ യുവതുർക്കി എന്നറിയപ്പെട്ടിരുന്ന കോൺഗ്രസ് നേതാവായിരുന്നു അന്തരിച്ച കെ.പി. ഉണ്ണികൃഷ്ണൻ. രാജ്യം കണ്ട ഒന്നാംതരം പാർലമെന്റേറിയന്മാരിൽ ഒന്നാം ശ്രേണിക്കാരൻ. രാഷ്ട്രീയത്തെ ജീവവായുപോലെ കണക്കാക്കിയ ആദർശഭരിതമായൊരു കാലഘട്ടത്തിന്റെ അവസാനത്തെ പ്രതിനിധിയും ഓർമ്മയായി.

ഗർജ്ജിക്കുന്ന സിംഹം എന്നറിയപ്പെട്ടിരുന്ന മുതിർന്ന കോൺഗ്രസ് നേതാവ് കെ.പി. ഉണ്ണികൃഷ്ണൻ ഓർമ്മയായി. മതേതര ദേശീയതയുടെ അമരക്കാരനുംകറപുരളാത്ത നെഹ്റുവിയൻ സോഷ്യലിസ്റ്റ് ചിന്തയുടെ വക്താവും കേന്ദ്ര മന്ത്രിയുമൊക്കെയായിരുന്നു അദ്ദേഹം. ഈ രാജ്യത്തെ പാർലമെന്ററി രാഷ്ട്രീയം അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ ദീപസ്തംഭങ്ങളിൽ ഒന്നുതന്നെയാണ് കെ.പി. ഉണ്ണികൃഷ്ണൻ.

വടകരയിൽ നിന്നും 1971 മുതൽ 1996 വരെ 25 വർഷം തുടർച്ചയായി വടകരയിൽ നിന്നുള്ള ലോക്സഭാംഗമായിരുന്നു. വി.പി. സിംഗ് മന്ത്രിസഭയിലെ കേരളത്തിലെ ഏക കാബിനറ്റ് മന്ത്രിയുമായിരുന്നു. 1950-കളുടെ മധ്യത്തിൽ ബ്ളിറ്റ്സിൽ പത്ര പ്രവർത്തകനായിരിക്കെ എ.ഐ.സി.സി അംഗമായി. പിന്നീട് മാതൃഭൂമി ലേഖകനായി ഡൽഹിയിലെത്തി. ഇന്ദിരാഗാന്ധിയുമായുള്ള അടുപ്പം തുടങ്ങുന്നത് ഇക്കാലത്താണ്. 1970-കളിൽ ഇന്ദിരാഗാന്ധിയുടെ വിശ്വസ്തനായി കോൺഗ്രസ്സിൽ വളർച്ച. ലോക്സഭയിൽ കോൺഗ്രസ്സിന്റെ ശബ്ദം. 1996-ൽ വടകരയിൽ സി.പി.എമ്മിലെ ഒ. ഭരതനോട് പരാജയപ്പെട്ടതോടെ സജീവ രാഷ്ട്രീയത്തിൽ നിന്നും പിന്മാറി.

ഭൂരിപക്ഷവർഗീയത മേൽക്കൈ നേടുന്ന സമകാലിക രാഷ്ട്രീയത്തിൽ കോൺഗ്രസ്സിന്റെ പ്രസക്തി അവസാനിച്ചിട്ടില്ലെന്ന് അന്ത്യശ്വാസം വരെ അദ്ദേഹം ഉറച്ചു വിശ്വസിച്ചു. 'നിശ്ചയദാർഢ്യമുള്ള നേതൃത്വമുണ്ടെങ്കിൽ കോൺഗ്രസ്സിന് ഫാസിസത്തെയും വർഗ്ഗീയതയെയും തോൽപ്പിക്കാനാകും. നേതാക്കൾക്ക് മാറ്റമുണ്ടാകാം. പക്ഷേ കോൺഗ്രസ്സ് കോൺഗ്രസ്സാണ്,' സമീപകാലത്ത് അദ്ദേഹം പറഞ്ഞു.

1991-ൽ കെ.പി. ഉണ്ണികൃഷ്ണൻ ലോക്സഭയിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്: 'ദേശീയ ഐക്യത്തോടും മതനിരപേക്ഷതയോടുമുള്ള പ്രതിജ്ഞാബദ്ധതയിലാണ് ഈ സഭയുടെ അടിസ്ഥാന കടമ കുടികൊള്ളുന്നത്. മതനിരപേക്ഷത ചിലർ വിചാരിക്കുന്നതുപോലെ കപടമല്ല. ക്ഷുദ്രവികാരങ്ങൾ ആളിക്കത്തിക്കാനും അതുവഴി ഈ രാഷ്ട്രീയത്തെ അപമാനിക്കാനും ശ്രമിക്കുന്നവരാണ് മതേതരത്വത്തെ വിലകുറച്ചു കാണാൻ ശ്രമിക്കുന്നത്. ഈ പ്രവണതയെ ചെറുക്കണം. മതനിരപേക്ഷത നിലനിൽക്കുമെന്നും ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളെ മുറുകെ പിടിക്കുന്നവർ വിജയിക്കുമെന്നുമുള്ള കാര്യത്തിൽ എനിക്ക് ഒട്ടും സംശയമില്ല.'

1991-ലെ പ്രസംഗം ഏറ്റവും പ്രസക്തമാകുന്നത് ഈ കാലഘട്ടത്തിലാണ് - 2026-ൽ. എക്കാലവും ഇന്ത്യയുടെ ശബ്ദമായിരുന്നു കെ.പി. ഉണ്ണികൃഷ്ണൻ. പ്രണാമം.



ഋഷി ഋത്വിക് രാജു

# രണ്ടാം കേരള നിയമസഭ രണ്ട് മുഖ്യമന്ത്രിമാർ: പട്ടവും ശങ്കറും

രണ്ടാം കേരള നിയമസഭയിലേയ്ക്ക് 1960 ഫെബ്രുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പി.എസ്പി., മുസ്ലീം ലീഗം സഖ്യം ഭൂരിപക്ഷം നേടി. 1957 ൽ നടന്ന തെരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്ന ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ തറപറ്റിക്കാൻ രൂപം കൊണ്ട ശക്തമായ രാഷ്ട്രീയ സഖ്യം തന്നെയായിരുന്നു. ഇത് 126 അംഗ നിയമസഭയിൽ 63 സീറ്റുകൾ നേടി കോൺഗ്രസ്സ് ഏറ്റവും വലിയ ഒറ്റ കക്ഷിയായി. 80 സീറ്റുകളിലായിരുന്നു കോൺഗ്രസ്സ് മത്സരിച്ചത്.

33 സീറ്റുകളിൽ മത്സരിച്ച പി.എസ്.പി. 20 സീറ്റുകളും 12 സീറ്റുകളിൽ മത്സരിച്ച ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് 11 സീറ്റുകളും നേടി.

108 സീറ്റുകളിൽ മത്സരിച്ച് 26 സീറ്റുകൾ നേടിയ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രതിപക്ഷത്തായി. ഇന്നത്തെ ബി.ജെ.പയുടെ മാതൃസംഘടനയായിരുന്ന ഭാരതീയ ജനസംഘം മൂന്ന് മണ്ഡലങ്ങളിൽ മത്സരിച്ചെങ്കിലും ഒരു സീറ്റിലും ജയിക്കാൻ

**വിമോചന സമരത്തെത്തുടർന്ന് ഇ.എം.എസ് മന്ത്രിസഭയെ പിരിച്ചുവിട്ടതിനുശേഷം 1960-ലാണ് രണ്ടാം കേരള നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് നടന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടിയെ തറ പറ്റിച്ച് കോൺഗ്രസ് - പി.എസ്.പി - മുസ്ലീം ലീഗ് സഖ്യം അധികാരത്തിൽ വന്നു. പട്ടം താണുപിള്ളയായിരുന്നു മുഖ്യമന്ത്രി. ആർ.ശങ്കർ ഉപമുഖ്യമന്ത്രിയും. പട്ടം പഞ്ചാബ് ഗവർണ്ണറായതിനെത്തുടർന്ന് ആർ. ശങ്കർ മുഖ്യമന്ത്രിയായി. എന്നാൽ കേരളാ കോൺഗ്രസ് രൂപംകൊണ്ടതോടെ സർക്കാരിനെതിരെ വന്ന അവിശ്വാസം പാസ്സാവുകയും ശങ്കർ രാജി വച്ചൊഴിയുകയും ചെയ്തു**





കഴിഞ്ഞില്ല. അതേസമയം 61 മണ്ഡലങ്ങളിൽ മത്സരിച്ച കക്ഷിരഹിതരിൽ മൂന്ന് പേർ വിജയിച്ചു. അന്ന് നിയമസഭയിലേയ്ക്ക് ജയിച്ചു വന്ന രാഷ്ട്രീയ കക്ഷികളെല്ലാം ദേശീയ കക്ഷികളായിരുന്നു. പ്രാദേശിക കക്ഷികൾ അന്ന് രൂപം കൊണ്ടിരുന്നില്ല.

കോൺഗ്രസ്സായിരുന്നു ഏറ്റവും വലിയ ഒറ്റകക്ഷിയെങ്കിലും പി.എസ്.പിയിലെ സമുന്നത നേതാവായിരുന്ന പട്ടം താണുപിള്ളയാണ് മുഖ്യമന്ത്രിയായത്. കോൺഗ്രസ്സിലെ ആർ. ശങ്കർ ഉപമുഖ്യമന്ത്രിയുമായി. കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ് ഇ. എം. എസ് നമ്പൂതിരിപ്പാടായിരുന്നു പ്രതിപക്ഷ നേതാവ്. മുഖ്യമന്ത്രി പട്ടം താണുപിള്ള നേരത്തെ തിരുവിതാംകൂറിലെ പ്രധാനമന്ത്രിയും തിരു-കൊച്ചി സംസ്ഥാനത്തെ മുഖ്യമന്ത്രിയുമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ജനിച്ച കേരളത്തിലെ ഏക മുഖ്യമന്ത്രിയാണ് പട്ടം.

ഉപമുഖ്യമന്ത്രിയായിരുന്ന ആർ. ശങ്കറാണ് ധനകാര്യ വകുപ്പിന്റെ ചുമതല വഹിച്ചിരുന്നത്. ആഭ്യന്തരം പി.ടി. ചാക്കോ, വ്യവസായം കെ.എ. ദാമോദര മേനോൻ, വിദ്യാഭ്യാസം പി.പി. ഉമ്മർകോയ, പൊതുമരാമത്ത് ഡി. ദാമോദരൻ പോറ്റി (പിന്നീട് നിയമസഭാ സ്പീക്കറായി), റവന്യൂ കെ. ചന്ദ്രശേഖരൻ നായർ കെ. ചന്ദ്രശേഖരൻ, ആരോഗ്യം, വൈദ്യുതി വി.കെ. വേലപ്പൻ (മന്ത്രിയായിരിക്കെ മരണമടഞ്ഞു), ഭക്ഷ്യം ഇ.പി. പൗലോസ്, തൊഴിൽ, ഗതാഗതം കെ.ടി. അച്യുതൻ, ഹരിജനക്ഷേമം കെ. കുഞ്ഞമ്പു.

അന്ന് നിയമസഭാംഗങ്ങളായിരുന്നവരിൽ പ്രമുഖർ പൊന്നറ ശ്രീധർ (പി.എസ്.പി), പി. വിശ്വംഭരൻ (പി.എസ്.പി), ഇ. പി. ഈപ്പൻ (പി.എസ്.പി), എം. അലിക്കുഞ്ഞ് ശാസ്ത്രി (പി.എസ്.പി), എ.എ. റഹീം (കോൺഗ്രസ്), സി.എം. സ്റ്റീഫൻ (കോൺഗ്രസ്), ബേബി ജോൺ (ആർ.എസ്.പി), പി.കെ. കുഞ്ഞ് (പി.എസ്.പി), ആർ. സുഗതൻ (സി.പി.ഐ), ആർ. ബാലകൃഷ്ണപിള്ള (കോൺഗ്രസ്), നബീസത്ത് ബീവി (കോൺഗ്രസ്), എം.പി. ഗോവിന്ദൻ നായർ (കോൺഗ്രസ്), കെ.എം. ജോർജ് (കോൺഗ്രസ്), ജോസഫ് ചാഴിക്കാടൻ (പി.എസ്.പി), അലക്സാണ്ടർ പറമ്പിത്തറ (കോൺഗ്രസ്), കെ.കെ. വിശ്വനാഥൻ (കോൺഗ്രസ്), കെ.സി. എബ്രഹാം (കോൺഗ്രസ്), ടി.കെ. രാമകൃഷ്ണൻ (സി.പി.ഐ), സി. അച്യുതമേനോൻ (സി.പി.ഐ), സി.എച്ച്. മുഹമ്മദ് കോയ (ലീഗ്), സീതി സാഹിബ് (ലീഗ്), അവുക്കാദർ കുട്ടി (ലീഗ്), ലീലാ ദാമോദരമേനോൻ (കോൺഗ്രസ്), ഹമീദലി ഷംനാട് (ലീഗ്), എൻ.ഇ. ബലറാം (സി.പി.ഐ).

പട്ടം താണുപിള്ളയെ പഞ്ചാബ് ഗവർണ്ണറായി നിയമിച്ചതോടെ അദ്ദേഹം മുഖ്യമന്ത്രി സ്ഥാനം ഒഴിഞ്ഞു. പകരം ആർ. ശങ്കർ കോൺഗ്രസ്സിന്റെ പ്രഥമ മുഖ്യമന്ത്രിയായി രണ്ടു വർഷം ശങ്കർ മുഖ്യമന്ത്രിയായി തുടർന്നു. 1964 സെപ്റ്റംബറിൽ കോൺഗ്രസ്സിലെ വിമതന്മാർ അവിശ്വാസ പ്രമേയം കൊണ്ടുവന്ന് ശങ്കറെ പുറത്താക്കി. മന്ത്രി പി.ടി. ചാക്കോ രാജിവെയ്ക്കുകയും തുടർന്ന് മരണമടയുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ അനുയായികൾ എൻ.എസ്.എസ് മേധാവി മന്നത്ത് പത്മനാഭന്റെ അനുഗ്രഹാശിസ്സുകളോടെ കെ.എം. ജോർജിന്റെ നേതൃത്വത്തിൽ കേരള കോൺഗ്രസ്സിന് രൂപം നൽകിയതോടെയാണ് അവിശ്വാസ പ്രമേയം കൊണ്ടുവന്നത്. 15 എം.എൽ.എമാർ കേരള കോൺഗ്രസ്സിനൊപ്പം അണിനിരന്നു. 50ന് എതിരെ 73 വോട്ടുകളോടെ അവിശ്വാസം പാസ്സായി.

# അധ്വാന വർഗ്ഗത്തിന്റെ അക്ഷരോത്സവം

'ഇന്ത്യൻ തൊഴിലാളി' എന്ന മാസിക അക്ഷരാർത്ഥത്തിൽ അധ്വാന വർഗ്ഗത്തിന്റെ അക്ഷരവസന്തം തന്നെയാണ്. ആദ്യലക്കം തന്നെ അക്ഷരവസന്തത്തിന്റെ സർഗ്ഗോത്സവമാണ് അരങ്ങേറിയത്.







പരിണിത പ്രജ്ഞനായ ട്രേഡ് യൂണിയൻ നേതാവ് ആർ. എം. പരമേശ്വരന്റെ അര നൂറ്റാണ്ടുകാലത്തെ രാഷ്ട്രീയ ജീവിതം അധ്വാന വർഗ്ഗത്തിനായുള്ള ആത്മ സമർപ്പണമായിരുന്നുവെന്ന് പറഞ്ഞാൽ അതൊരിക്കലും ഒരു ഭംഗിവാക്കാകില്ല. തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അദ്ദേഹം ഏതറ്റം വരെയും പോകുമായിരുന്നു. സി. ദിവാകരൻ പറഞ്ഞതു പോലെ കറപുരളാത്ത ഒരു വ്യക്തിത്വമായിരുന്നു ആർ. എം. പരമേശ്വരന്റേത്. 84-ാം വയസ്സിൽ അദ്ദേഹത്തിന് ആയുരാരോഗ്യവും ദീർഘായുസ്സും നേരുന്നു.

ഇതുപോലെ അപൂർവ്വങ്ങളിൽ അപൂർവ്വമായ രാഷ്ട്രീയ വ്യക്തിത്വങ്ങളെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്താനുള്ള റിപ്പോർട്ടുകൾ ഇനിയുമുണ്ടാകട്ടെ. പക്ഷേ അത്തരം അപൂർവ്വ വ്യക്തിരത്നങ്ങളെ എവിടെ കണ്ടെത്താനാകും എന്നത് ഉത്തരം കിട്ടാത്ത ഒരു ചോദ്യമാണ്.

**കെ. കെ. സത്യവ്രതൻ, കിളിമാനൂർ**




## ഐശ്വര്യവുമായി വന്ന പൂച്ചയ്ക്ക് അഭിവാദ്യങ്ങൾ

ട്രഷറിയിൽ പൂച്ച പെറ്റുകിടക്കുന്നു എന്ന് പറഞ്ഞു കേട്ടിട്ടേയുള്ളൂ. അതിശയോക്തി കലർന്ന ഒരു ഭാഷാ പ്രയോഗം മാത്രമാണ് അതെന്നാണ് പലരും ഇതുവരെ കരുതിയിരുന്നത്. പക്ഷേ അത് പച്ചയായ യാഥാർത്ഥ്യമാണെന്ന് 'ഇന്ത്യൻ തൊഴിലാളിയുടെ മുഖചിത്രം തെളിയിക്കുന്നു.

കുഞ്ഞുങ്ങൾ പാലുകുടിക്കുന്നതിന്റെ നിർവൃതിയിൽ ലയിച്ചു കിടക്കുകയാണ് പൂച്ച. ട്രഷറിയെക്കൊണ്ട് ഈ പാവം സഹജീവിക്കു ഇങ്ങനെയൊരു ഉപകാരമെങ്കിലും ഉണ്ടായല്ലോ എന്ന് ഓർക്കുമ്പോൾ അഭിമാനം തോന്നുന്നു. നമ്മുടെ ട്രഷറിക്ക് പണമില്ലെങ്കിലെന്ത്, ജീവകാരുണ്യം ഏറെ ഉണ്ടല്ലോ.

**ചന്ദ്രശേഖരൻ വട്ടിയൂർക്കാവ്**





വട്ടിയൂർക്കാവിൽ
കേൾക്കാം
മുരളീരവം
ആശംസകളോടെ
Pensioners Welfare Organization

ആശംസകളോടെ

# Dr.AKHILA'S
## BONE & SPINE AYURVEDA HOSPITAL
### Ortho Neuro & Panchakarama Treatment

## JAPAN NEPAL AKKI AYURVEDA BONE SETTING CENTRE

**Vadayakkadu - Mulavana Road,** Near Govt. UP School, Kunnukuzhy, TVM

**99468 37599** **98463 39338 | 70124 11320**







മുട്ട്?
വേദനയോ?



കഴിഞ്ഞ കാൽ നൂറ്റാണ്ടായി ആതുര ചികിത്സാ സേവന രംഗത്ത് മികച്ച രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഞങ്ങൾ ന്യൂറോ സംബന്ധമായ Ear Balance, stroke, തുടങ്ങിയ രോഗങ്ങൾക്കും, നട്ടെല്ല് രോഗങ്ങളായ Spinal Disease, Disc Bulging, Disc Prolapse, Cervical Spondylosis nomi രോഗങ്ങൾക്കും കൂടാതെ അസ്ഥി രോഗങ്ങളായ Knee Pain, Tennis Elbow, Shoulder Pain തുടങ്ങിയ അസുഖങ്ങൾക്കും എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയുള്ള ഒരു സംരംഭത്തിന് തുടക്കം കുറിക്കുകയാണ്. ആധുനിക വൈദ്യശാസ്ത്രത്തിന്റെ എല്ലാവിധ ചികിത്സാ രീതികളിലൂടെ കടന്നു പോയിട്ടും പരിഹരിക്കാൻ കഴിയാത്ത തീരാവേദനകളിൽ നിന്നും ശാശ്വതമായ പരിഹാരം നൽകാൻ പ്രാപ്തമായ ദൈവീകകരങ്ങളുടെ മാന്ത്രിക സ്പർശം ഞങ്ങൾ തലസ്ഥാന നഗരിയിൽ Japan nepal akki AYURVEDA BONE SETTING തെറാപ്പിയിലൂടെ ലഭ്യമാക്കുകയാണ്. ഇന്ത്യയിലെ 7 പ്രമുഖ Bone Setter മാരിൽ ഒരാളും കേരളത്തിലെ ആദ്യത്തെ Bone Setter Hanshi അജയകുമാർ നായരുടെ നേതൃത്വത്തിലും പഞ്ചകർമ്മ ചികിത്സാ ഡോ.രഘുനാഥൻ നായർ MD, PGDRIT, PhD, Ret.Govt.Ayurveda College Professor ന്റെ നേതൃത്വത്തിലും Dr Akhila's Bone & Spine Ayurvedha Hospital എന്ന സ്ഥാപനം വടയക്കാട് മുളവന റോഡിൽ കുന്നുകുഴി ഗവൺമെന്റ് യു.പി സ്കൂളിന് സമീപം പ്രവർത്തനമാരംഭിച്ചു.


NECK PAIN


DISC PROBLEMS


EAR BALANCE


THORACIC PAIN


BACK PAIN


KNEE PAIN


BACK PAIN


MUSCLE PAIN


SPONDYLOSIS


HERNIATED DISC



SCIATICA


ARTHRITIS


ARTHRITIS

**Dr.C Raghunathan Nair**
MD (Ay), PGDRIT, Ph.D
Retired Professor & Superintendent
Govt. Ayurveda College & Hospital, Trivandrum

**Dr.A Nalinakshan MD (Ay)**
Retired Principal, Govt.Ayurveda College,
Former Professor & Head
Prasoothi-Shtreeroga Dept.

**Dr.V.K Ajithkumar MD (Ay)**
Professor & HOD (RTD),
Govt. Ayurveda College
Thiruvananthapuram

Dr. Chandrasekharan Nair K BAM, MD(Ay), MIIMT, BATI | Dr.Shahin M Rasheed BAMS | Dr. Vincy Das BAMS | Dr. Gowri T BAMS, DGO (Ay)